VOL NO: 04 | ISSUE 29
www.nerpatham.com
mail@nerpatham.com

2020 JULY 18 | ₹12

# നേർപഥം

## വാരിക

# തൊഴിൽ, വിദ്യാഭ്യാസം: കൊറോണക്കാലം മലയാളികൾക്ക് സമ്മാനിക്കുന്ന അവസരങ്ങൾ

ആകസ്മികമായി വന്നുചേർന്ന കൊറോണ വരുത്തിവച്ച നഷ്ടങ്ങളുടെ കണക്കെടുപ്പ് ഇനിയും പൂർത്തിയായിട്ടില്ല. പക്ഷേ, ഏതൊരു പ്രതിസന്ധിയെയും അവസരമായി കാണുന്നവനേ അതിജയിക്കാൻ കഴിയൂ എന്നത് ചരിത്രം നൽകുന്ന പാഠമാണ്. ആയർഥത്തിൽ തൊഴിലിടങ്ങളിലും വിദ്യാഭ്യാസ മേഖലകളിലും കൊറോണ വരുത്തി വെച്ച പ്രതിസന്ധികളെ എങ്ങനെ നിർമാണാത്മകമായി ഉപയോഗപ്പെടുത്താം എന്ന് വിലയിരുത്തുകയാണ് ലേഖകൻ.




**ഇസ്‌ലാമും ബലികർമവും**

**കഅ്ബ നിർമാണവും ഇബ്‌റാഹീം നബിയും**

**ഇസ്‌ലാമും സസ്യലോക സംരക്ഷണവും**

## തായ്‌വേര് മുറിച്ചുമാറ്റുന്ന സി.ബി.എസ്.ഇ

കൊറോണാ വ്യാപന പശ്ചാത്തലത്തിൽ സി.ബി.എസ്.ഇ സിലബസ് വെട്ടിച്ചുരുക്കിയതിൽ ഫെഡറലിസം, ദേശീയത, പൗരത്വം, സെക്യുലറിസം തുടങ്ങിയ അധ്യായങ്ങളെല്ലാം ഒഴിവാക്കിയ നടപടി അപലപനീയമാണ്. ഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങളോടുള്ള ഇവരുടെ വിയോജിപ്പ് മറനീക്കി പുറത്തുവന്നിരിക്കുകയാണ് മേൽ നടപടിയിലൂടെ.

## വിട പറയൂ അപശബ്ദങ്ങളോട്,
## കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

നേർപഥം
വാരിക

നേർപഥം വാരിക / 0183 / 2020 ജൂലൈ 18 / 1441 ദുൽഖഅദ് 28 / പുസ്തകം 04 / ലക്കം 29




# തൊഴിൽ, വിദ്യാഭ്യാസം:
# കൊറോണക്കാലം മലയാളികൾക്ക് സമ്മാനിക്കുന്ന അവസരങ്ങൾ

നബീൽ പയ്യോളി

**മുഖമൊഴി**
തായ്‌വേര് മുറിച്ചുമാറ്റുന്ന സി.ബി.എസ്.ഇ / 05

**ക്വുർആൻ ദർശനം**
മുനാഫിഖൂൻ, ഭാഗം 2 / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**വിവർത്തനം**
ഇസ്‌ലാമും സസ്യലോക സംരക്ഷണവും / 18
ശൈഖ് മുഹമ്മദ് സ്വാദിഖ് മുഹമ്മദ്

**കാഴ്ച**
സങ്കടപ്പുഴയിൽ നീന്തുന്നവർ / 34
വി.ടി അബ്ദുസ്സലാം

**ലേഖനം**
പ്രപഞ്ച സൃഷ്ടിപ്പ് ക്വുർആനിൽ / 06
ഡോ. ജൗസൽ

ഇസ്‌ലാമും ബലികർമവും / 22
മെഹബൂബ് മദനി ഒറ്റപ്പാലം

കഅ്ബ നിർമാണവും ഇബ്റാഹീം നബിയും / 23
അബൂഫായിദ

അന്തസ്സും ആനന്ദവും പകരുന്നതാണ് അറിവ് / 26
സയ്യിദ് അബ്ദുർറഹ്മാൻ കുവൈത്ത്

വിട്ടുവീഴ്ച / 30
അബ്ദുൽ ജബ്ബാർ മദീനി

അറിയിപ്പ്: കോവിഡ് 19 നിയന്ത്രണങ്ങളുടെ ഭാഗമായി രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മാഗസിൻ ഓൺലൈനായി മാത്രം പുറത്തിറക്കുകയാണ്. പോസ്റ്റൽ സൗകര്യം സാധാരണനിലയിലായതു മുതൽ നഷ്ടപ്പെട്ടവക്ക് തുല്യമായ കോപ്പികൾ വരിക്കാർക്ക് ലഭ്യമാക്കുന്നതാണ്.

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road I Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

ചലനങ്ങൾ

# ഉദ്ഘാടന പരിപാടി ഉജ്ജ്വലമായി

2020 ജൂലൈ അഞ്ചിന് ഓൺലൈനിൽ സംഘടിപ്പിച്ച 'നേർപഥം' ഓൺലൈൻ കാമ്പയ്ൻ ഉദ്ഘാടന പരിപാടി അതിന്റെ ഉള്ളടക്കംകൊണ്ട് ഉജ്ജ്വലമായി. ബഹു. എം. പി ശശി തരൂരിന്റെ ഹ്രസ്വമായ സംസാരം ബൃഹത്തായ ആശയങ്ങൾ കൈമാറുന്നതായിരുന്നു. ദേശീയതലത്തിലും കേരള പശ്ചാത്തലത്തിലും സ്വാധീനം ചെലുത്തുകയും നവോത്ഥാന പരിശ്രമത്തിന് മുന്നിൽനടക്കുകയും ചെയ്ത മുസ്‌ലിം നേതാക്കളെ അദ്ദേഹം അനുസ്മരിച്ചു. അതിന്റെ തുടർച്ച വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷനിലും മുഖപത്രമായ നേർപഥത്തിലും ദർശിക്കുന്നുവെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം ശ്രദ്ധേയമായി.

ഇന്ത്യാരാജ്യത്ത് നടക്കുന്ന വർഗീയചേരിതിരിവും കോവിഡിന്റെ മറവിൽ നടക്കുന്ന ഭരണകൂട ഭീകരതയും തുറന്നുകാണിച്ചുകൊണ്ടും നേർപഥത്തിന്റെ ഈ വിഷയത്തിലുള്ള സംഭാവനയെ സ്മരിച്ചുകൊണ്ടും സംസാരിച്ച എം.പിമാരായ കെ. മുരളീധരൻ, എം.വി ആരിഫ്, വി.ഡി സതീശൻ എംഎൽഎ, എന്നിവരുടെ ആശംസാപ്രസംഗങ്ങളും പ്രോഗ്രാമിനെ ധന്യമാക്കി.

നേർപഥം ഓൺലൈൻ കാമ്പയ്നിന്റെ പൊരുൾ വിശദീകരിച്ചുകൊണ്ട് ഹാരിസ് ബിൻ സലീം നടത്തിയ ഹ്രസ്വഭാഷണം കാംപയ്ൻ കാലയളവിലെ പദ്ധതികൾ നെഞ്ചിലേറ്റാൻ പ്രേരിപ്പിക്കുന്നതായിരുന്നു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്തീഫ് മദനി പ്രഖ്യാപിച്ച 'മെഗാക്വിസ്' വായനക്കാരിൽ ആവേശം പകരുന്നതായി. ലക്ഷം രൂപയുടെ സമ്മാനമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം ലാപ്ടോപ്പ്, ടാബ്, മൊബൈൽ ഫോൺ എന്നിങ്ങനെയാണ് സമ്മാനം പ്രഖ്യാപിച്ചിട്ടുള്ളത്. ഇപ്പോൾ ഓരോ ആഴ്ചയും നടന്നുവരുന്ന ക്വിസ് മത്സരത്തിന്റെ അടിസ്ഥാനത്തിലാണ് മെഗാ ക്വിസ് വിജയികളെ കണ്ടെത്തുന്നത്.

നേർപഥം ഓൺലൈൻ വായന അനായാസമാക്കുന്ന ഫ്ളിപ്പ് ബുക്ക് വേർഷന്റെ പ്രകാശനം വിസ്ഡം പണ്ഡിതസമിതി പ്രസിഡന്റ് ഹുസൈൻ സലഫി നിർവഹിച്ചു. പുസ്തകത്തിന്റെ താളുകൾ മറിച്ചു വായിക്കുമ്പോഴുള്ള അനുഭൂതി ഓൺലൈനിൽ വായിക്കുമ്പോഴും പകർന്നു നൽകുന്ന ഫ്ലിപ്പ് ബുക്ക് വേർഷൻ ഓൺലൈൻ വായന വർധിപ്പിക്കാൻ സഹായകമാകുമെന്ന് തീർച്ചയാണ്.

'വായന വളർത്തുന്ന സാംസ്കാരിക മൂല്യങ്ങൾ' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് അബ്ദുറഷീദ് കുട്ടമ്പൂർ നടത്തിയ പ്രഭാഷണം വായനയുടെ വിശാലലോകത്തേക്ക് കൂട്ടിക്കൊണ്ടു പോകുന്നതായിരുന്നു. വായനക്ക് ഇസ്‌ലാം നൽകുന്ന പ്രാധാന്യം പ്രാമാണികമായി പഠിപ്പിക്കുന്നതായിരുന്നു സിറാജുൽ ഇസ് ലാം ബാലുശ്ശേരിയുടെ 'വായനയുടെ ഇസ്‌ലാമിക പരിപ്രേക്ഷ്യം' എന്ന വിഷയത്തിലുള്ള പ്രഭാഷണം.

പരിപാടിയുടെ പ്രസക്തമായ ആശയങ്ങൾ ക്രോഡീകരിച്ചുകൊണ്ട് വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി താജുദ്ദീൻ സ്വലാഹി നടത്തിയ സമാപനസംസാരം വായനയെ മാറ്റിവച്ചുകൊണ്ടുള്ള ജീവിതം നിരർഥകമാണെന്ന സന്ദേശം ശ്രോതാക്കളുടെ മനസ്സിൽ കോറിയിട്ടു.

വിസ്ഡം ഗ്ലോബൽ ടിവിയിലും സംഘടനയുടെ വിവിധ ഫേസ്ബുക്ക് പേജുകളിലും പതിനായിരങ്ങൾ പരിപാടി ഇതിനകം വീക്ഷിച്ചുകഴിഞ്ഞു. നേർപഥം ഓൺലൈൻ വായനയിൽ ഒരു കുതിച്ചുചാട്ടത്തിന് ഉദ്ഘാടന പരിപാടിയിലെ പ്രഭാഷണങ്ങൾ സഹായകമായിട്ടുണ്ടെന്നാണ് പരിപാടി ശ്രവിച്ച ശ്രോതാക്കളിൽ നിന്നുള്ള പ്രതികരണം.

മുഖമൊഴി

# തായ്‌വേര് മുറിച്ചുമാറ്റുന്ന സി.ബി.എസ്.ഇ

“ഇന്ത്യയിലെ ജനങ്ങളായ ഞങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സോഷ്യലിസ്റ്റ്, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംഘടിപ്പിക്കുന്നതിനും അതിലെ പൗരന്മാർക്കെല്ലാം സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും; ചിന്തയ്ക്കും ആശയപ്രകാശനത്തിനും ഉത്തമവിശ്വാസത്തിനും മതവിശ്വാസത്തിനും ആരാധനയ്ക്കും ഉള്ള സ്വാതന്ത്ര്യവും; സ്ഥിതിസമത്വം, അവസരസമത്വം, എന്നിവയും നേടിയെടുക്കുന്നതിനും അവർ എല്ലാവർക്കുമിടയിൽ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അവിഭാജ്യതയും ഉറപ്പുവരുത്തുന്നതിനും ഇന്ന്, 1949 നവംബർ ഇരുപത്തിയാറാം തീയതി, ഞങ്ങളുടെ ഭരണഘടനാനിർമാണസഭയിൽ സഗൗരവം തീരുമാനിച്ചിട്ടുള്ളതനുസരിച്ച് ഇതിനാൽ ഈ ഭരണഘടന അംഗീകരിച്ചുകൊള്ളുകയും അത് നിയമമാക്കിത്തീർത്ത് ഞങ്ങൾ തന്നെ നൽകിക്കൊള്ളുകയും ചെയ്യുന്നു”-ഇന്ത്യൻ ഭരണഘടനയുടെ ആമുഖമാണിത്.

ഇന്ത്യയെ സ്വന്തം രാജ്യമായി പരിഗണിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരാൾക്കും ഈ ആമുഖത്തിൽ പറഞ്ഞ കാര്യങ്ങളോട് എതിർപ്പുണ്ടാവാൻ വഴിയില്ല. എന്നാൽ കപടമായ ദേശീയവാദം നെഞ്ചേറ്റുന്ന, ഇന്ത്യൻഭരണഘടനയുടെ അടിസ്ഥാന തത്ത്വങ്ങളോട് വിയോജിപ്പ് മനസ്സിൽ കൊണ്ടുനടക്കുകയും ചില സമയങ്ങളിൽ അറിഞ്ഞോ അറിയാതെയോ അത് പ്രകടിപ്പിക്കുകയും ചെയ്യുന്ന ചിലരുണ്ട്. അവർക്ക് മതേതരത്വം, നാനാത്വം എന്നൊക്കെ കേൾക്കുന്നതേ അലർജിയാണ്. രാജ്യത്തിന്റെ സത്യസന്ധമായ ചരിത്രത്തോടും അവർക്ക് പുച്ഛമാണ്. അതുകൊണ്ടുതന്നെ പല സംസ്ഥാനങ്ങളിലും സ്കൂൾ, കോളേജ് സിലബസുകളിൽ കാര്യമായ കൈകടത്തലുകൾ അവർ നടത്തിയിട്ടുണ്ട്; നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്.

എന്നാൽ ഇപ്പോൾ സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജുക്കേഷൻ വർഷങ്ങളായി പിന്തുർന്നുവരുന്ന സിലബസ് വെട്ടിക്കുറക്കാൻ തീരുമാനിച്ചപ്പോൾ വിദ്യാർഥികൾ അനിവാര്യമായും മനസ്സിലാക്കേണ്ട, ഭരണഘടനയുടെ ആമുഖത്തിൽ പറയുന്ന പലകാര്യങ്ങളും അതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇന്ത്യൻ ദേശീയതയുടെ ഉത്ഭവചരിത്രം, മതേതരവീക്ഷണം, പൗരത്വസങ്കൽപം, മതങ്ങൾ, ജാതിവ്യവസ്ഥ, രാഷ്ട്രീയമുന്നേറ്റ ചരിത്രം, സാമൂഹിക വൈജാത്യങ്ങൾ, നാനാത്വം തുടങ്ങിയ പല സുപ്രധാന വിഷയങ്ങളും എടുത്തുമാറ്റിയിരിക്കുന്നു.

പതിനൊന്നാം ക്ലാസിലെ ‘ഇന്ത്യൻ ഭരണഘടന പ്രവൃത്തിപഥത്തിൽ’ എന്ന പേപ്പറിലെ ഫെഡറലിസം, ദേശീയത, പൗരത്വം, സെക്യുലറിസം തുടങ്ങിയ അധ്യായങ്ങൾ മുഴുവനായും ഒഴിവാക്കിയിരിക്കുന്നു. ഒമ്പതാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള പാഠഭാഗങ്ങളിലെ മുപ്പത് ശതമാനമെങ്കിലും ഒഴിവാക്കണമെന്ന കേന്ദ്ര മാനവവിഭവ വികസന മന്ത്രാലയത്തിന്റെ നിർദേശപ്രകാരമാണ് നടപടി എന്നാണ് സി.ബി.എസ്.ഇയുടെ വിശദീകരണം. ഏതു ഭാഗമൊക്കെ ഒഴിവാക്കണമെന്നും കേന്ദ്രത്തിന്റെ നിർദേശമുണ്ടായിരിക്കാം.

ഇത് ഒളിച്ചുകടത്തലിന്റെ കാലഘട്ടമാണ്. സ്വർണവും കള്ളപ്പണവും മാത്രമല്ല സംസ്കാരം തന്നെ ഒളിച്ചുകടത്തപ്പെടുന്ന കാലം! ആരെയും ആകർഷിക്കുന്ന പരസ്യങ്ങളിലൂടെ, കണ്ണഞ്ചിപ്പിക്കുന്ന വർണക്കടലാസുകളിൽ പൊതിഞ്ഞ് വിതരണം ചെയ്യുന്നത് കൊടിയ വിഷമാണെന്ന് തിരിച്ചറിയുന്നവരുടെ എണ്ണം തുലോം തുച്ഛമാണ്. അതുതന്നെയാണ് ഇവരുടെ പിൻബലവും. സി.എ.എ, എൻ.ആർ.സി, യു.എ.പി.എ... തുടങ്ങിയ പ്രമാദമായ വിഷയങ്ങളൊക്കെ പരിശോധിച്ചാൽ ഇക്കാര്യം ബോധ്യമാകും. കുട്ടികളുടെ പ്രയാസങ്ങൾ ലഘൂകരിക്കാനല്ലേ പാഠഭാഗങ്ങൾ വെട്ടിച്ചുരുക്കുന്നത് എന്ന് സുമനസ്സുകൾ ചിന്തിക്കുന്നത് സ്വാഭാവികം. എന്നാൽ പുതുതലമുറയെ സാതന്ത്ര്യസമരത്തിലെ സത്യസന്ധമായ വിവരണവും ആധുനിക ജനാധിപത്യരാഷ്ട്രം എങ്ങനെ രൂപപ്പെട്ടു എന്നതിനെക്കുറിച്ചും നാനാത്വത്തിലെ ഏകത്വമെന്ന സവിശേഷതയെക്കുറിച്ചുമൊക്കെ അജ്ഞരാക്കി വളർത്തുന്നതിനുപിന്നിലുള്ള ഒളിയജണ്ട എന്തെന്ന് മനസ്സിലാക്കാൻ അതിബുദ്ധിയൊന്നും വേണ്ട.

ഡോ. ജൗസൽ
jauzalcp@gmail.com




# പ്രപഞ്ച സൃഷ്ടിപ്പ് ക്വുർആനിൽ

Veslo Slipher എന്ന ശാസ്ത്രജ്ഞൻ 1912ൽ വിദൂര ഗാലക്സികളിൽ നിന്നുള്ള പ്രകാശം റെഡ് ഷിഫ്റ്റിന് വിധേയമാകുന്നു എന്നു കണ്ടെത്തി. 1922ൽ അലക്സാണ്ടർ ഫ്രീഡ്മാൻ, ഐൻസ്റ്റീൻ ഫീൽഡ് സമവാക്യങ്ങൾ ഉപയോഗിച്ചുകൊണ്ട് പഠനം നടത്തുമ്പോൾ സൈദ്ധാന്തികമായി പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണ് എന്ന് അഭിപ്രായപ്പെട്ടു. George Lemaitre എന്ന ശാസ്ത്രജ്ഞൻ 1927ൽ ഇതേകാര്യം തന്നെ മറ്റു ചില നിരീക്ഷണങ്ങളിൽനിന്ന് പ്രസ്താവിക്കുകയുണ്ടായി. രണ്ടുവർഷം കഴിഞ്ഞ് 1929ൽ എഡ്വിൻ ഹബിൾ എന്ന ശാസ്ത്രജ്ഞൻ വാനനിരീക്ഷണങ്ങളിലൂടെ ഈയൊരു കാര്യം സ്ഥിരീകരിച്ചു. പിന്നീട് വളരെയധികം നിരീക്ഷണങ്ങളിലൂടെ ഇന്ന് ശാസ്ത്രലോകം യാതൊരു തർക്കത്തിനും ഇടയില്ലാത്തവിധം അംഗീകരിച്ച സത്യമാണ് പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ളത്.

പ്രപഞ്ചം വികസിക്കുന്നു എന്ന് പറഞ്ഞാൽ സ്പേസ് തന്നെ വികസിക്കുകയാണ്. ഒരു ബലൂൺ ഊതി വീർപ്പിക്കുമ്പോൾ അത് വികസിക്കുന്നത് പോലെ പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണ്. ബലൂൺ വികസിക്കുമ്പോൾ ബലൂണിലെ അടുത്തടുത്തുള്ള 2 ബിന്ദുക്കൾ അകന്നകന്ന് പോകുന്നതുപോലെ ഗാലക്സികൾ പരസ്പരം അകന്നുപോയിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രലോകത്ത് ഇന്നും വലിയൊരു പ്രഹേളികയാണ് പ്രപഞ്ചം വികസിക്കുന്നു എന്നുള്ളത്. ഇന്നു ലഭ്യമായ ശാസ്ത്രീയമായ അറിവുകൾ വച്ചുകൊണ്ട് പ്രപഞ്ചവികാസം എന്തുകൊണ്ട് സംഭവിക്കുന്നു എന്നുള്ളതിന്റെ ഉത്തരം ശാസ്ത്രലോകത്തിന് ഇല്ല എന്നുള്ളതാണ് വാസ്തവം. നിഗൂഢമായ ഒരു ശക്തി; (ഇന്ന് നമുക്ക് അറിവുള്ള ശാസ്ത്രീയമായ കണക്കുകൾക്ക് എല്ലാം പിടിതരാത്ത ഒരു നിഗൂഢ ശക്തി) ആ ശക്തി പ്രപഞ്ചത്തെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നാണ് ഇന്ന് ശാസ്ത്രം മനസ്സിലാക്കുന്നത്. ഈ നിഗൂഢ ശക്തിയെ ഡാർക്ക് എനർജി എന്നാണ് ശാസ്ത്രലോകം വിളിക്കുന്നത്. എവിടെ നിന്നാണ് ഈ ഡാർക്ക് എനർജി ഉണ്ടാകുന്നത്, എന്താണ് അതിന്റെ സ്രോതസ്സ് എന്ന കാര്യത്തെ സംബന്ധിച്ച് ഇന്നും ശാസ്ത്രലോകം യാതൊരു ധാരണയും കിട്ടാതെ ഇരുട്ടിൽ തപ്പിക്കൊണ്ടിരിക്കുകയാണ്. ശാസ്ത്രലോകത്തിന് ഉത്തരം കിട്ടാത്ത ഒരു മഹാസമസ്യയായി ഇന്നും ഡാർക്ക് എനർജി നിലനിൽക്കുന്നു.

നമ്മുടെ ശാസ്ത്രീയമായ അറിവുകൾ വച്ച് ഗാലക്സികളെല്ലാം ഗുരുത്വാകർഷണത്തിന്റ ഫലമായി കൂടുതൽ അടുക്കുകയാണ് വേണ്ടത്. എന്നാൽ നേരെ മറിച്ചാണ് സംഭവിക്കുന്നത്. അഥവാ ഗാലക്സികളെല്ലാം പരസ്പരം അകന്നുകൊണ്ടേയിരിക്കുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു:


ആകാശമാകട്ടെ, നാം അതിനെ ശക്തികൊണ്ട് നിർമിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്" (51:47).

ഈ ആയത്തിൽ അല്ലാഹു പ്രസ്താവിച്ചത് അല്ലാഹു തന്റെ ശക്തികൊണ്ട് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചു. അല്ലാഹു തന്നെ തന്റെ ശക്തികൊണ്ട് പ്രപഞ്ചത്തെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുമാണ്. രണ്ട് കാര്യങ്ങൾ നമുക്ക് ഈ ആയത്തിൽ നിന്നും മനസ്സിലാകും. 1. പ്രപഞ്ചസൃഷ്ടിപ്പിന് പിറകിലുള്ള മഹാ ഊർജം അഥവാ ബിഗ്ബാങ് സംഭവിച്ചതിന് പിറകിലുള്ള നമുക്ക് സങ്കൽപ്പിക്കാൻ ആവുന്നതിലും വലിയ മഹാ ഊർജം; അത് അല്ലാഹുവിന്റെ ശക്തിയാണ്. 2. പ്രപഞ്ചം വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഊർജം; ഡാർക്ക് എനർജി എന്ന് ശാസ്ത്രലോകം വിളിക്കുന്ന കാര്യവും ദൈവികമായ ശക്തി അല്ലാതെ മറ്റൊന്നുമല്ല.

1400 വർഷങ്ങൾക്കു മുമ്പ് അപരിഷ്കൃതരായ അറബിഗോത്രങ്ങൾക്കിടയിൽ ജീവിച്ച നിരക്ഷരനായ ഒരു പ്രവാചകന് എങ്ങനെയാണ് (ആധുനികകാലത്ത് മാത്രം മനുഷ്യൻ മനസ്സിലാക്കിയ) പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണെന്ന കാര്യത്തിൽ ശാസ്ത്രീയമായ അവഗാഹം ഉണ്ടാവുക? എങ്ങനെയാണ് ഇത്ര കൃത്യമായ പരാമർശങ്ങൾ 1400 വർഷങ്ങൾക്കു മുമ്പ് നിരക്ഷരനായ മുഹമ്മദ് നബിﷺക്ക് നടത്താൻ കഴിയുക? പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിന്റെ വചനങ്ങളല്ലാതെ മറ്റൊന്നുമല്ല ക്വുർആൻ എന്നുള്ളതിന് സാക്ഷ്യം വഹിക്കുന്നതാണ് ഈ വചനങ്ങൾ.

ഇന്ന് ശാസ്ത്രലോകം മനസ്സിലാക്കിയിട്ടുള്ള കാര്യമാണ്, നമുക്ക് മനസ്സിലാക്കുവാനും പരീക്ഷണ നിരീക്ഷണങ്ങളിലൂടെ അറിയാനും സാധ്യമാവുന്ന പരമാവധി പദാർഥങ്ങളും ഊർജവുമെല്ലാം വെറും അഞ്ച് ശതമാനത്തിൽ താഴെ മാത്രം ഉള്ളതാണ് എന്നത്. നമുക്കറിയാവുന്ന കോടിക്കണക്കിന് ഗാലക്സികളും നക്ഷത്രങ്ങളും ഗ്രഹങ്ങളും എല്ലാത്തരം എനർജികളും ഇതിൽ പെടും!

പ്രപഞ്ചത്തിന്റെ 70% ഡാർക്ക് എനർജിയാണ്. പ്രപഞ്ചത്തിന്റെ 25% ഡാർക്ക് മാറ്ററാണ്! ഇങ്ങനെ നിഗൂഢ ശക്തികൾ ഉണ്ടെന്ന് നമുക്കറിയാം എന്നല്ലാതെ പ്രപഞ്ചത്തിന്റെ 95% അധികം കയ്യാളുന്ന ഈ ശക്തികളെ പറ്റി നമുക്ക് ഒന്നുംതന്നെ അറിയില്ല എന്നുള്ളതാണ് വാസ്തവം.



"തീർച്ചയായും ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയിലും, രാപകലുകൾ മാറി മാറി വരുന്നതിലും സൽബുദ്ധിയുള്ളവർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവെ ഓർമിക്കുകയും, ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിയെപറ്റി ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. (അവർ പറയും:) ഞങ്ങളുടെ രക്ഷിതാവേ! നീ നിരർഥകമായി സൃഷ്ടിച്ചതല്ല ഇത്. നീ എത്രയോ പരിശുദ്ധൻ! അതിനാൽ നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കേണേ" (ക്വുർആൻ 3:190,191).

പ്രപഞ്ച സൃഷ്ടിപ്പുമായി ബന്ധപ്പെട്ട നിരവധി കാര്യങ്ങൾ പരാമർശിച്ച ക്വുർആൻ തന്നെ ഈ പ്രപഞ്ചത്തിന് ഒരു അന്ത്യം ഉണ്ടെന്നും വ്യക്തമാക്കുന്നു. നിരവധി ക്വുർആൻ സൂക്തങ്ങളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഇന്ന് ശാസ്ത്രവും അക്കാര്യം അംഗീകരിക്കുന്നു. അഥവാ ഈ പ്രപഞ്ചത്തിന് ഒരു അന്ത്യം ഉണ്ട് എന്നതിൽ ഇന്ന് ശാസ്ത്രലോകത്ത് തർക്കമില്ല. പ്രപഞ്ചത്തിന്റെ അന്ത്യം എങ്ങനെയാവും എന്നുള്ളതിൽ താഴെപ്പറയുന്ന വ്യത്യസ്തങ്ങളായ വീക്ഷണങ്ങളാണ് ഇന്ന് ശാസ്ത്രലോകത്ത് ഉള്ളത്.



**Theories about the end of the universe:**

1.Big Freeze or heat death

2.Big Rip

3.Big Crunch

4.Big Bounce

5.Big Slurp

6.Cosmic uncertainty

ഇന്നത്തെ ശാസ്ത്ര നിഗമനങ്ങൾ അനുസരിച്ച് ശാസ്ത്രലോകം ഇതിൽ കൂടുതൽ സാധ്യത കൽപിക്കുന്നത് ബിഗ് ഫ്രീസ് അല്ലെങ്കിൽ ഹീറ്റ് ഡെത്ത് എന്നതിനാണ്. അനന്തമായി വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചത്തിലെ നക്ഷത്രങ്ങളെല്ലാം കത്തിത്തീരുകയും അവസാനം തമോഗർത്തങ്ങൾ മാത്രം അവശേഷിക്കുകയും അവയും ഹോക്കിങ് റേഡിയേഷനുകൾ പുറത്തുവിട്ടു അവസാനം ഇല്ലാതായിത്തീരുകയും പ്രപഞ്ചം അബ്സല്യൂട് സീറോ ടെമ്പറേച്ചറിൽ എത്തിച്ചേരുകയും ചെയ്യുന്ന അവസ്ഥയാണ് ബിഗ് ഫ്രീസ്.

ശാസ്ത്രലോകം ചർച്ചചെയ്യുന്ന മറ്റൊരു സാധ്യതയാണ് ബിഗ് ക്രഞ്ച്. ലളിതമായ ഭാഷയിൽ പറഞ്ഞാൽ ബിഗ് ബാംഗിന് ശേഷമുള്ള അവസ്ഥയുടെ നേർവിപരീതം എന്ന് പറയാം. ഇപ്പോൾ വികസിച്ചുകൊണ്ടിരിക്കുന്ന ഈ പ്രപഞ്ചത്തിന്റെ വികാസം നിലയ്ക്കുകയും നേരെ വിപരീതദിശയിൽ ആവുകയും ചെയ്യുന്നു; അഥവാ പ്രപഞ്ചം ചുരുങ്ങാൻ ആരംഭിക്കുന്നു. ഇങ്ങനെ പ്രപഞ്ചം ചുരുങ്ങിച്ചുരുങ്ങി വന്ന് അവസാനം ഒരൊറ്റ പോയിന്റിൽ (singularity) എത്തുന്നു. അഥവാ പ്രപഞ്ചം പൂർണമായി ഇല്ലാതാകുന്നു. പിന്നീട് മറ്റൊരു ബിഗ് ബാംഗ് സംഭവിക്കുന്നു. പുതിയ മറ്റൊരു പ്രപഞ്ചം സൃഷ്ടിക്കപ്പെടുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഇതിന് സാധ്യത കുറവാണ് എന്നാണ് ശാസ്ത്രലോകം കരുതുന്നത്. കാരണം ഇന്ന് പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ്. വികാസത്തിന്റെ ആക്സിലറേഷൻ കൂടിക്കൊണ്ടിരിക്കുന്നതല്ലാതെ കുറയുന്നതായി ദൃശ്യമാവുന്നതേയില്ല.

ഇനി പ്രപഞ്ചത്തിന്റെ അന്ത്യവുമായി ബന്ധപ്പെട്ട് വിശുദ്ധ ക്വുർആൻ എന്തു പറയുന്നു എന്ന് നമുക്ക് നോക്കാം:

"ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്ന പ്രകാരം ആകാശത്തെ നാം ചുരുട്ടിക്കളയുന്ന ദിവസം! ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്" (ക്വുർആൻ 21:104).

ക്വുർആനിന്റെ പ്രസ്താവനയിൽ നിന്ന് വ്യക്തമാകുന്നത് ഈ ലോകത്തിന്റെ അന്ത്യം ഒരു ബിഗ് ക്രഞ്ച് ആയിരിക്കും എന്നാണ്. ഗ്രന്ഥത്തിലെ ഏടുകൾ ചുരുട്ടുന്ന പോലെ പ്രപഞ്ചത്തെ ചുരുട്ടിക്കളയും എന്നാണ് അല്ലാഹു പ്രസ്താവിച്ചത്. അഥവാ വികസിച്ചുകൊണ്ടിരിക്കുന്ന ഈ ലോകത്തിന്റെ വികാസം നിലയ്ക്കുകയും പ്രപഞ്ചം ചുരുങ്ങാൻ ആരംഭിക്കുകയും ചെയ്യും. എന്നിട്ട് ആ പ്രപഞ്ചം ചുരുങ്ങിച്ചുരുങ്ങി ഒരു സിംഗുലാരിറ്റിയിൽ അവസാനിക്കുന്നു. അതിനുശേഷം ഈ പ്രപഞ്ചം ആദ്യം സൃഷ്ടിക്കപ്പെട്ടത് പോലെതന്നെ രണ്ടാമത് സൃഷ്ടിക്കപ്പെടും. അഥവാ ബിഗ് ക്രഞ്ചിന് അവസാനം മറ്റൊരു ബിഗ് ബാംഗ്. മറ്റൊരു പുതിയ പ്രപഞ്ചം ഉടലെടുക്കുന്നു. അതാണ് കൃത്യമായി ക്വുർആൻ പ്രസ്താവിച്ചത്:

“ആദ്യമായി നാം സൃഷ്ടി ആരംഭിച്ചത് പോലെതന്നെ അത് ആവർത്തിക്കുന്നതാണ്” (14:48).

ബിഗ് ക്രഞ്ചിനു ശേഷം ഒരു ബിഗ്ബാങിലൂടെ പുതിയ പ്രപഞ്ചം ഉണ്ടാകുന്നു. ആ പുതിയ ഭൂമിയിൽ മനുഷ്യരെയെല്ലാം അല്ലാഹു ഉയിർത്തെഴുന്നേൽപിക്കുന്നതാണ്. നന്മതിന്മകൾ വിചാരണ ചെയ്യപ്പെടുന്നതാണ്.

പ്രപഞ്ച സൃഷ്ടിപ്പിനെ പറ്റിയുള്ള ക്വുർആൻ വചനങ്ങൾ നമുക്ക് ഇങ്ങനെ സംഗ്രഹിക്കാം

1. ഒന്നുമില്ലായ്മയിൽ നിന്നും പൊടുന്നനെ അല്ലാഹുവിന്റെ കൽപനയാൽ പ്രപഞ്ച സൃഷ്ടിപ്പ് ആരംഭിക്കുന്നു (ബിഗ്ബാങ്):

“ആകാശങ്ങളെയും ഭൂമിയെയും മുൻമാതൃകയില്ലാതെ നിർമിച്ചവനത്രെ അവൻ. അവനൊരു കാര്യം തീരുമാനിച്ചാൽ ഉണ്ടാകൂ എന്ന് പറയുക മാത്രമെ വേണ്ടതുള്ളൂ. ഉടനെ അതുണ്ടാകുന്നു” (2:117).

2. പുകരൂപത്തിലായിരുന്ന ആദിപ്രപഞ്ചത്തിൽ നിന്നും നക്ഷത്രങ്ങളെ സംവിധാനിച്ചു:

“അതിനു പുറമെ അവൻ ആകാശത്തിന്റെ നേർക്ക് തിരിഞ്ഞു. അത് ഒരു പുകയായിരുന്നു. എന്നിട്ട് അതിനോടും ഭൂമിയോടും അവൻ പറഞ്ഞു: നിങ്ങൾ അനുസരണപൂർവമോ നിർബന്ധിതമായോ വരിക. അവ രണ്ടും പറഞ്ഞു: ഞങ്ങളിതാ അനുസരണമുള്ളവരായി വന്നിരിക്കുന്നു. അങ്ങനെ രണ്ടുദിവസ(ഘട്ട)ങ്ങളിലായി അവയെ അവൻ ഏഴു ആകാശങ്ങളാക്കിത്തീർത്തു. ഓരോ ആകാശത്തിലും അതാതിന്റെ കാര്യം അവൻ നിർദേശിക്കുകയും ചെയ്തു. സമീപത്തുള്ള ആകാശത്തെ നാം ചില വിളക്കുകൾ കൊണ്ട് അലങ്കരിക്കുകയും സംരക്ഷണം ഏർപെടുത്തുകയും ചെയ്തു. പ്രതാപശാലിയും സർവജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതത്രെ അത്” (41:11,12).

3. എല്ലാം കൂടിച്ചേർന്ന, ഒട്ടിപ്പിടിച്ച അവസ്ഥയിലായിരുന്ന ആദിപ്രപഞ്ചത്തിൽനിന്നും നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും ഭൂമിയുമെല്ലാം വേർതിരിച്ചു സംവിധാനിച്ചു:

“ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും, എന്നിട്ട് നാം അവയെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ? വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു. എന്നിട്ടും അവർ വിശ്വസിക്കുന്നില്ലേ?” (21:30).

4. വികസിച്ചുകൊണ്ടിരിക്കുന്ന പ്രപഞ്ചം:

“ആകാശത്തെ നാം സ്വന്തം കരബലത്താൽ നിർമിച്ചു. നാമതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്” (51:47).

5. ബഹു പ്രപഞ്ചങ്ങൾ:

“ഏഴു ആകാശങ്ങളെ അടുക്കുകളായി സൃഷ്ടിച്ചവനാകുന്നു അവൻ. പരമകാരുണികന്റെ സൃഷ്ടിപ്പിൽ യാതൊരു ഏറ്റക്കുറവും നീ കാണുകയില്ല. എന്നാൽ നീ ദൃഷ്ടി ഒന്നുകൂടി തിരിച്ചുകൊണ്ടുവരൂ. വല്ല വിടവും നീ കാണുന്നുണ്ടോ?” (67:3).

7. Flat univers:

“നിങ്ങൾ കണ്ടില്ലേ; എങ്ങനെയാണ് അല്ലാഹു അടുക്കുകളായിട്ട് ഏഴ് ആകാശങ്ങൾ സൃഷ്ടിച്ചിരിക്കുന്നത്എന്ന്” (71:15)

“ഏഴ് ആകാശങ്ങളെ ഒന്നിനുമീതെ മറ്റൊന്നായി സൃഷ്ടിച്ചവനാണവൻ. ദയാപരനായ അവന്റെ സൃഷ്ടിയിൽ ഒരുവിധ ഏറ്റക്കുറവും നിനക്കു കാണാനാവില്ല. ഒന്നുകൂടി നോക്കൂ. എവിടെയെങ്ങാനും വല്ല വിടവും കാണുന്നുണ്ടോ?” (67:3).

8. പ്രപഞ്ചത്തിന്റെ അന്ത്യം (big crunch):

“ഗ്രന്ഥങ്ങളുടെ ഏടുകൾ ചുരുട്ടുന്ന പ്രകാരം ആകാശത്തെ നാം ചുരുട്ടിക്കളയുന്ന ദിവസം! ആദ്യമായി സൃഷ്ടി ആരംഭിച്ചത് പോലെത്തന്നെ നാം അത് ആവർത്തിക്കുന്നതുമാണ്. നാം ബാധ്യതയേറ്റ ഒരു വാഗ്ദാനമത്രെ അത്. നാം (അത്) നടപ്പിലാക്കുക തന്നെ ചെയ്യുന്നതാണ്” (21:104).

നബീൽ പയ്യോളി
nabeelpayyoly@gmail.com




# തൊഴിൽ, വിദ്യാഭ്യാസം:
## കൊറോണക്കാലം മലയാളികൾക്ക് സമ്മാനിക്കുന്ന അവസരങ്ങൾ

**ആകസ്മികമായി വന്നുചേർന്ന കൊറോണ വരുത്തിവച്ച നഷ്ടങ്ങളുടെ കണക്കെടുപ്പ് ഇനിയും പൂർത്തിയായിട്ടില്ല. പക്ഷേ, ഏതൊരു പ്രതിസന്ധിയെയും അവസരമായി കാണുന്നവനേ അതിജയിക്കാൻ കഴിയൂ എന്നത് ചരിത്രം നൽകുന്ന പാഠമാണ്. ആയർഥത്തിൽ തൊഴിലിടങ്ങളിലും വിദ്യാഭ്യാസ മേഖലകളിലും കൊറോണ വരുത്തി വെച്ച പ്രതിസന്ധികളെ എങ്ങനെ നിർമാണാത്മകമായി ഉപയോഗപ്പെടുത്താം എന്ന് വിലയിരുത്തുകയാണ് ലേഖകൻ.**

**ലോ**കത്തെ അടിമുടി മാറ്റിമറിച്ചിരിക്കുകയാണ് കൊറോണ. സ്വപ്നത്തിൽ പോലും കണ്ടിട്ടില്ലാത്ത മാറ്റങ്ങൾക്ക് നാം അറിയാതെ വിധേയമായിക്കഴിഞ്ഞു. കൊറോണക്ക് ശേഷം എന്നത് 'റീബിൽഡ് വേൾഡ്' ആണ്. ലോകം പുതിയ ജീവിതക്രമത്തിലേക്ക് മാറിക്കഴിഞ്ഞു. മാസ്കെന്ന പുത്തൻകൂട്ടുകാരൻ നമ്മുടെ മുഖത്തെ മറച്ചു. മുഖഭാവം കണ്ട് കാര്യം പിടികിട്ടുന്ന കാലം ഇനിയെന്നെന്നറിയില്ല. ന്യൂനതകൾ മറയ്ക്കാനും ദിനേന മുഖം മിനുക്കാനും മറ്റും ധാരാളം സമയം ചെലവഴിച്ചവർക്ക് മാസ്ക് നൽകിയ ആശ്വാസം ചെറുതല്ല. വ്യത്യസ്തമായ മുഖാവരണങ്ങൾ വിപണിയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. ധരിച്ച വസ്ത്രത്തിനനുസരിച്ച് ഇനി മാസ്കും വാങ്ങണം എന്നായിരിക്കുന്നു. എന്നാൽ കൊറോണ തീർത്ത ലോകക്രമം മലയാളിക്ക് വലിയ തൊഴിൽ, വിദ്യഭ്യാസ സാധ്യതകളാണ് തുറന്നു തരുന്നത്.

## തൊഴിൽ

ഈ പ്രതിസന്ധിയെ അവസരമായി കാണുന്നവർക്കേ വിജയിക്കാൻ സാധിക്കുകയുള്ളൂ. നമ്മുടെ സാഹചര്യങ്ങൾക്കനുസരിച്ച് കാര്യങ്ങളെ ക്രമീകരിക്കുകയാണ്, അഥവാ ജീവിതത്തോട് പ്രായോഗിക സമീപനം സ്വീകരിക്കുകയാണ് നാം ചെയ്യേണ്ടത്. വിദേശരാജ്യങ്ങളിലേക്ക് മടങ്ങാൻ കാത്തിരിക്കുന്നവർക്ക് അതാത് രാജ്യങ്ങൾ പൂർണമായും കൊറോണമുക്തമായി എന്ന് ഔദ്യോഗിക പ്രഖ്യാപനം വന്ന ശേഷമെ മടക്കം സാധ്യമാകൂ എന്ന് ഭരണകൂടങ്ങൾ വ്യക്തമാക്കിക്കഴിഞ്ഞു. ഇനിയും മാസങ്ങൾ കഴിഞ്ഞേ ഇത് സാധ്യമാകൂ എന്നുവേണം കരുതാൻ. ജോലി നഷ്ടപ്പെട്ടും അനാരോഗ്യം കാരണമായും നാട്ടിലേക്ക് മടങ്ങിയ പ്രവാസികളിൽ മിക്കവരും അവിദഗ്ധ തൊഴിലാളികളാണ്. ഗൾഫ് രാജ്യങ്ങൾ പലതും പൂർണമായും പഴയരീതിയിൽ പ്രവർത്തിക്കാൻ തുടങ്ങി. അതാത് രാജ്യത്തിന് അകത്തുള്ളവരെ നിലനിർത്തി സ്ഥാപനങ്ങൾ പ്രവർത്തിച്ചും നാട്ടിൽ പോയവർക്ക് പകരം രാജ്യത്തിനകത്തുള്ളവരെ നിയമിച്ചും ആവശ്യമില്ലാത്തവരെ പിരിച്ചുവിട്ടും ഓരോ സ്ഥാപനവും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കാണുന്നത്.

കൊറോണ തീർത്ത സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാനായി ഭരണകൂടങ്ങൾ നടപ്പാക്കുന്ന സാമ്പത്തിക പരിഷ്കരണങ്ങളും കൂടിയാവുമ്പോൾ ദൈനംദിന ചെലവ് വർധിക്കാനും സാധ്യതയുണ്ട്. ഇതെല്ലംകൂടി കണക്കിലെടുക്കുമ്പോൾ പ്രവാസലോകത്തുനിന്ന് കൂടുതൽ പേർക്ക് ജോലി നഷ്ടപ്പെടാനും നാട്ടിലുള്ള പ്രവാസികൾക്ക് തിരിച്ചുപോകാനുള്ള അവസരം മങ്ങാനുമാണ് സാധ്യത. പ്രത്യേകിച്ച് അവിദഗ്ധ തൊഴിലാളികൾക്ക്. ഇതേ അവസ്ഥയാണ് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ ജോലിചെയ്തിരുന്ന മലയാളികൾക്കും. പലർക്കും ജോലി നഷ്ടപ്പെടുകയോ രോഗവ്യാപനമുള്ള ഇടങ്ങളിലേക്ക് തിരിച്ചുപോകാൻ സാധിക്കാത്ത അവസ്ഥ വരികയോ ചെയ്തിരിക്കുന്നു. എത്രകാലം വരുമാനമില്ലാതെ വീട്ടിലിരിക്കാൻ സാധിക്കും എന്ന ആധിയാണ് എല്ലാവർക്കും.

ഈ സാഹചര്യങ്ങളെയെല്ലാം പോസിറ്റീവ് ആയിക്കണ്ട് അന്യദേശത്തെ അന്യമാക്കാനാണ് കൊറോണക്കാലം നമ്മോടു പറയുന്നത് എന്ന് തിരിച്ചറിയുകയാണ് ബുദ്ധി. നമ്മുടെ നാട്ടിൽനിന്നും നൂറുകണക്കിന് അന്യസംസ്ഥാന തൊഴിലാളികൾ അവരുടെ പ്രദേശങ്ങളിലേക്ക് മടങ്ങി. അവർ ചെയ്തിരുന്ന ജോലികൾ മലയാളികൾ തന്നെ ചെയ്യാൻ സന്നദ്ധമാവുക. നല്ലൊരു ശതമാനം എക്സ്പ്രവാസികൾക്ക് ഇതൊരു നല്ല അവസരമാണ്. നമ്മുടെ നാടിന്റെ വിഭവശേഷി ഉപയോഗപ്പെടുത്തി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് മറ്റൊരു പരിഹാരം.

എല്ലാവരും പഴമയിലേക്കുള്ള മടക്കത്തിലാണ്. പ്രകൃതിമനോഹരമായ നാട്ടിൻപുറക്കാഴ്ചകൾ തിരിച്ചെത്തുന്നു. സർക്കാരും രാഷ്ട്രീയപാർട്ടികളും സന്നദ്ധസംഘടനകളും ജനപ്രതിനിധികളുമെല്ലാം കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിത്തുടങ്ങി. തരിശായിക്കിടക്കുന്ന ചില കൃഷിയിടങ്ങളിൽ യുവാക്കളുടെ സഹായത്തോടെ കൃഷിയിറക്കാൻ തുടങ്ങിയത് പുതിയ തൊഴിൽ സാധ്യതയാണ് തുറന്നിട്ടുള്ളത്. വിഷമില്ലാത്ത ഭക്ഷ്യസാധനങ്ങൾ കഴിക്കാൻ നമുക്ക് സാധ്യമാകും എന്നത് സന്തോഷകരമാണ്. നെല്ല് മാത്രമല്ല പച്ചക്കറികൾ, തെങ്ങ്, വാഴ തുടങ്ങിയവയെല്ലാം കൃഷിചെയ്യാനും അത് ഫലപ്രദമായി ഉപഭോക്താക്കളിൽ എത്തിക്കാനും ക്രിയാത്മകമായ പദ്ധതികൾ ആവശ്യമാണ്. ബഹുജന പങ്കാളിത്തത്തോടെ കാർഷികവിപ്ലവം സാധ്യമാണ് എന്ന് സാരം. ഇത് നാട്ടിലേക്ക് തിരിച്ചെത്തിയ മലയാളികൾക്ക് പുതിയ സാധ്യത കൂടിയാണ്.





കൊറോണക്കാലം ചക്കയുടെകാലം കൂടിയായിരുന്നല്ലോ. ചക്കജ്യൂസും മറ്റു ചക്കവിഭവങ്ങളും ലോക്ഡൗൺ കാലത്തെ തീൻമേശകളിൽ നിറഞ്ഞു. ആർക്കും വേണ്ടാതെകിടന്ന പ്രകൃതിവിഭവങ്ങളുടെ രുചിയറിയാൻകൂടി ഈ കാലം ഹേതുവായി. അങ്ങനെ ആരോഗ്യത്തിന് ഹാനികരമല്ലാത്തതും ധാരാളം പോഷകഗുണങ്ങളുമുള്ള കുറെ പ്രകൃതി വിഭവങ്ങളെ അറിയാനും അത് ഉപയോഗപ്പെടുത്താനും നമ്മൾ തയ്യാറായാൽ സാമ്പത്തികമായും ശാരീരികമായും നമുക്ക് വലിയ മെച്ചം ലഭിക്കും. വിഷമയമായ ഭക്ഷ്യ വസ്തുക്കൾ കണ്ട് മനംമടുത്ത മലയാളിക്ക് മനംനിറച്ച് പോഷകഗുണങ്ങളുള്ള ഭക്ഷണം കഴിക്കാനുള്ള അവസരങ്ങൾ കൊറോണ നൽകിയ സമ്മാനമാണ്. ഫാസ്റ്റ് ഫുഡ് സംസ്‌കാരത്തോട് വിടപറയാൻ ഈ പരിശീലനം നമ്മെ സഹായിക്കണം. പ്രകൃതി വിഭവങ്ങൾ പ്രകൃതിക്ക് ഹാനികരമല്ലാത്ത രീതിയിൽ വ്യാവസായികാടിസ്ഥനത്തിൽ ഉൽപാദിപ്പിക്കാനും സംഭരണ, വിതരണത്തിനും ക്രിയാത്മകമായ പദ്ധതിയുണ്ടാവണം.

ഓരോരുത്തരും അവരുടെ കഴിവും കഴിവുകേടും മനസ്സിലാക്കി വരുമാന മാർഗം കണ്ടെത്തുക. അതിന് പ്രാദേശികഭരണകൂടങ്ങളും സന്നദ്ധസംഘടനകളും ആവശ്യമായ സഹായങ്ങളും പരിശീലനങ്ങളും ലഭ്യമാക്കണം. കേരളത്തിന്റെ തനതുവിഭവങ്ങൾ ബ്രാൻഡുചെയ്ത് ലോകവിപണിയിൽ മാർക്കറ്റ് ചെയ്യുകയും ആവാം. മുമ്പൊരിക്കൽ പ്രമുഖ മലയാളി സഞ്ചാരിയായ ജോർജ് കുളങ്ങര പറഞ്ഞപോലെ, കേരളത്തിലെ മഴവെള്ളം സംഭരിച്ച് ബ്രാൻഡ് ചെയ്ത് വിൽപന നടത്തിയാൽ അത് വലിയ വിപ്ലവമാകും. കേരളത്തിൽ മഴക്കാലമാകുമ്പോൾ ഉത്തരേന്ത്യയിലും ഗൾഫ് രാജ്യങ്ങളിലും കഠിനമായ ചൂടാണ്. ഈ അനുകൂല സാഹചര്യം കൂടി മുന്നിൽകണ്ടാൽ ഇത്തരം പദ്ധതികൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാൻ സാധിക്കും. ഏലം, കുരുമുളക്, കാപ്പി, തേയില, കശുവണ്ടി, ഇഞ്ചി, മഞ്ഞൾ തുടങ്ങി നിരവധി പ്രകൃതി വിഭവങ്ങളെ ബ്രാൻഡ് ചെയ്ത് കേരളത്തിനു പുറത്ത് വിൽക്കുന്ന സാഹചര്യം ഉണ്ടായാൽ ഒരു മലയാളിക്കും അന്യനാടുകളിലേക്ക് അന്നംതേടിപ്പോകേണ്ട അവസ്ഥയുണ്ടാവില്ല. കള്ളും ലോട്ടറിയും മാത്രമാണ് വരുമാനമാർഗം എന്ന നിലപാടിൽനിന്ന് ഭരണകൂടവും ഉദ്യോഗസ്ഥരും മാറിച്ചിന്തിച്ചേ മതിയാവൂ.

## വിദ്യാഭ്യാസം

കൊറോണയോടൊപ്പം ജീവിക്കുക എന്നതാണല്ലോ പുതിയനയം. മാസങ്ങളോ വർഷങ്ങളോ കൊറോണ നമ്മോടൊപ്പം ഉണ്ടാകും എന്നാണ് ആരോഗ്യലോകം പറയുന്നത്. അത് മുഖവിലക്കെടുത്താൽ വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ ഇതുമൂലം ഉണ്ടാകും. യു.ജി.സി അവസാനമായി തീരുമാനിച്ചത് ഒക്ടോബർവരെ കോളേജുകൾ തുറക്കേണ്ടതില്ല എന്നാണ്. ഈ അധ്യയനവർഷം ദുഷ്‌കരമാകുമെന്നതിൽ സംശയമില്ല. ഓൺലൈൻ ക്ലാസുകൾ അടക്കമുള്ള മാർഗങ്ങളിലൂടെ ഈ അവസ്ഥയെ മറികടക്കാൻ സർക്കാരും വിദ്യാഭ്യാസമേഖലയും ശ്രമിക്കുന്നുണ്ട്. ധാരാളം പരിമിതികൾ ഈ വിഷയങ്ങളിൽ ഉണ്ടെന്ന യാഥാർഥ്യം നാം കാണാതിരുന്നുകൂടാ.

വിദൂരങ്ങളിൽ വിദ്യാഭ്യാസം നേടിക്കൊണ്ടിരുന്ന നമ്മുടെ വിദ്യാർഥികൾ ഭൂരിഭാഗവും നാട്ടിലേക്ക് തിരിച്ചുവന്നു. അവരുടെ തിരിച്ചുപോക്ക് സാധ്യമാകാൻ മാസങ്ങളെടുത്തേക്കാം. ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിൽ കോവിഡ് വ്യാപനം ഉണ്ടാവാനുള്ള സാധ്യത ആരോഗ്യവിദഗ്ധർ പങ്കുവെക്കുന്നുമുണ്ട്. പ്ലസ്ടു കഴിഞ്ഞവർ ഉന്നതവിദ്യാഭ്യാസത്തിന് തയ്യാറെടുക്കുകയാണ്. അവരുടെ രക്ഷിതാക്കളിൽ ഭൂരിപക്ഷവും വിദൂരങ്ങളിൽ തങ്ങളുടെ മക്കളെ പറഞ്ഞയക്കാൻ ഭയപ്പെടുന്നുണ്ട്. നാട്ടിലുള്ള നല്ല കലാലയങ്ങളിൽ തങ്ങളുടെ മക്കൾക്ക് അവസരം ലഭ്യമാകുമോ എന്ന അന്വേഷണത്തിലാണ് മലയാളി രക്ഷിതാക്കൾ. അത് ഉൾക്കൊണ്ടുകൊണ്ട് പരമാവധി വിദ്യാർഥികൾക്ക് കേരളത്തിൽതന്നെ പഠിക്കുവാനുള്ള അവസരം ഉണ്ടാവണം. നിലവിലുള്ള കോളേജുകളിൽ അധികബാച്ചുകൾ അനുവദിച്ചും സർക്കാർ, സ്വകാര്യമേഖലകളിൽ സൗകര്യം ഉള്ളയിടങ്ങളിൽ പുതിയ കോളേജുകളും കോഴ്‌സുകളും അനുവദിച്ചും ഈ പ്രതിസന്ധിയെ ഫലപ്രദമായി മറികടക്കാൻ സർക്കാർ ഇടപെടൽ ഉണ്ടാവണം. മറിച്ചാണെങ്കിൽ ഈ വർഷം പ്ലസ്ടു പൂർത്തിയാക്കിയ

വലിയൊരുവിഭാഗം വിദ്യാർഥികൾക്ക് ഒരു അധ്യയന വർഷം നഷ്ടമായേക്കാം.

മുമ്പൊരിക്കൽ കേരളത്തിലെ പ്രമുഖ വിദ്യാഭ്യാസവിചക്ഷണനുമായി സംവദിക്കാൻ അവസരം ലഭിച്ചപ്പോൾ അദ്ദേഹം പങ്കുവെച്ച ഒരു യാഥാർഥ്യമുണ്ട്. കേരളത്തിലെ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങൾക്ക് വിലങ്ങുതടിയായി നിൽക്കുന്നത് വിദ്യാർഥി, അധ്യാപക, അനധ്യാപക സംഘടനകളാണ് എന്നതാണത്. ഇതിൽ ക്രിയാത്മകമായമാറ്റം ഉണ്ടാക്കാൻ രാഷ്ട്രീയപാർട്ടികളും വിദ്യാർഥി, അധ്യാപക, അനധ്യാപക സംഘടനകളും ഇച്ഛാശക്തി കാണിക്കണം. അവകാശങ്ങൾ നേടിയെടുക്കാനും നീതിലഭ്യമാക്കാനും നടത്തുന്ന സമരങ്ങൾ പലപ്പോഴും അക്രമങ്ങളുടെ കൂത്തരങ്ങായി മാറുകയാണ്. ഇത് പലപ്പോഴും സമരങ്ങൾ ചെയ്യുന്നവരുടെ ഭാവിയിൽ ഇരുൾവീഴ്ത്തുന്നതോടൊപ്പം ലക്ഷക്കണക്കിന് വിദ്യാർഥികളുടെ ഭാവികൂടി അവതാളത്തിലാക്കുന്ന നടപടിയാണ്. സമരങ്ങളും പ്രതിഷേധങ്ങളും ക്രിയാത്മകമാവണം. അതോടൊപ്പം നിർമാണാത്മകവും സർഗാത്മകവുമാവണം. സി.എ.എ വിരുദ്ധ സമരങ്ങൾ ഈ രംഗത്ത് പുതുമാതൃക തീർത്ത ഇടപെടലായിരുന്നു. രാജ്യത്തെ വിദ്യാർഥിസമൂഹം നയിച്ച സമരം അക്രമരഹിതവും ക്രിയാത്മകവും ആയിരുന്നു. നിരന്തരം പ്രകോപനങ്ങൾ സൃഷ്ടിക്കാൻ സർക്കാരും നിയമപാലകരും ശ്രമിച്ചപ്പോഴും അതിനെല്ലാം സർഗാത്മക മറുപടിനൽകി ഗാന്ധിയൻ സമരരീതി മുറുകെപ്പിടിച്ച് മുന്നേറി സംഘപരിവാർ അജണ്ടകളെ ഒന്നൊന്നായി തകർത്ത് ഈ രാജ്യത്തെ വീണ്ടെടുക്കാം എന്ന യാഥാർഥ്യമാണ് വിദ്യാർഥിസമൂഹം നമുക്ക് കാണിച്ചുതന്നത്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള കെടുകാര്യസ്ഥതയും നിലവാരക്കുറവും പരീക്ഷ നടത്തിപ്പിലെ അപാകതകളും ഒക്കെയാണ് ഉന്നതപഠനത്തിനായി മലയാളി വിദ്യാർഥികൾ അന്യനാടുകളെ തെരഞ്ഞെടുക്കാനുള്ള കാരണങ്ങളിൽ ചിലത്. ഇതിൽ നയപരമായ മാറ്റങ്ങൾ സർക്കാർ സംവിധാനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്. പുതുതലമുറയുടെ ഭാവി ഇരുട്ടിലാക്കുന്ന രീതിയിലുള്ള ഉദ്യോഗസ്ഥ, രാഷ്ട്രീയ ഇടപെടലുകളും ഇനിയെങ്കിലും അവസാനിപ്പിച്ചേ മതിയാവൂ. പരീക്ഷകളിൽ കൂട്ടത്തോൽവി എന്ന പ്രതിഭാസം വിദ്യാഭ്യാസമേഖലയിലെ ഏറ്റവും വലിയ അനീതിയുടെ പ്രതീകമാണ്. ഒരു വലിയ സമൂഹത്തിന്റെ ഭാവിയെ ഇരുട്ടിലാക്കി എന്ത് മാറ്റമാണ് നമുക്ക് നേടാൻ സാധിക്കുക? അധ്യാപകരും സർവകലാശാല അധികൃതരുമൊക്കെ ഈ രംഗത്ത് കുറ്റകരമായ ഇടപെടലുകളാണ് നടത്തുന്നത്. ഇതിൽ കാര്യമായ മാറ്റം ഉണ്ടാവണം. നിശ്ചയിച്ച സമയത്ത് പരീക്ഷകൾ നടത്തുക, ചോദ്യപ്പേപ്പർ തയ്യാറാക്കലും മൂല്യനിർണയവും നിർമാണാത്മകവും ഫലപ്രഖ്യാപനം കുറ്റമറ്റതും ആവുക തുടങ്ങിയ കാര്യങ്ങൾ ഉറപ്പുവരുത്താൻ വിദ്യാഭ്യാസവകുപ്പും അധികാരികളും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

വിദ്യാഭ്യാസ മേഖലയിലുള്ള മറ്റൊരു പ്രതിസന്ധി നിലവാരത്തകർച്ചയാണ്. വിദ്യാലയങ്ങളുടെ പഠന, ഭൗതിക, സാഹചര്യ നിലവാരം ഉറപ്പുവരുത്താൻ ഫലപ്രദമായ സിസ്റ്റം നമ്മുടെ നാട്ടിൽ നിലവിലില്ല. കൂട്ടത്തോൽവികളടക്കം ഉണ്ടാവാനുള്ള കാരണങ്ങളിൽ ഒന്ന് നിലവാരത്തകർച്ച തന്നെയാണ്. അക്കാദമിക രംഗത്തെ ഗുണനിലവാരം ഉറപ്പുവരുത്താൻ ആവശ്യമായ ഇടപെടലുകൾ സർക്കാറിന്റെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതുണ്ട്. അധ്യാപക നിയമനത്തിൽ അടക്കം അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞു നിൽ



ക്കുന്നു. അതിന് അറുതിവരുത്തി കഴിവുള്ള അധ്യാപകരെ നിയമിക്കാനും അവർക്ക് മാന്യമായ വേതനം നൽകാനും തയ്യാറാവണം. തങ്ങളുടെ ഉത്തരവാദിത്തം ഒരു തലമുറയുടെ ഭാവി നിർണയിക്കുന്നതിൽ പ്രധാനമാണ് എന്ന തിരിച്ചറിവ് അധ്യാപകസമൂഹത്തിനും മാനേജ്മെന്റുകൾക്കും ഉണ്ടാവുക അനിവാര്യമാണ്. അതോടൊപ്പം പ്രധാനമാണ് ലൈബ്രറി, ലാബ്, പഠന, പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള സൗകര്യങ്ങൾ തുടങ്ങി ഇത്തരം കലാലയങ്ങളിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട ഭൗതിക സൗകര്യങ്ങൾ കലാലയങ്ങളിൽ ഉറപ്പുവരുത്താനുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നത്.

കലാലയങ്ങളിൽ പഠനാന്തരീക്ഷം ഉണ്ടാവണം. വിദ്യാർഥിസൗഹൃദ കലാലയങ്ങൾക്ക് മാത്രമെ ക്രിയാത്മകസമൂഹത്തെ വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ. സമരകോലാഹലങ്ങൾ അല്ല, മറിച്ച് വിദ്യയുടെ വിളയാട്ടമാണ് കലാലയങ്ങളെ ധന്യമാക്കേണ്ടത്. രാഷ്ട്രീയ പാർട്ടികളും മറ്റു സംഘടനകളും തങ്ങളുടെ സ്വാർഥതാൽപര്യങ്ങൾക്കുവേണ്ടി വിദ്യാർഥിസമൂഹത്തെ ബലിയാടാക്കുന്ന പ്രവണത അവസാനിപ്പിക്കണം.

പഠനത്തോടൊപ്പം ജോലി എന്ന സമീപനം ഉന്നത വിദ്യാഭ്യാസതലങ്ങളിൽ ഉണ്ടാവേണ്ടതുണ്ട്. കേരള സർക്കാർ ആ രംഗത്ത് പുതിയ നയരൂപീകരണം നടത്തിയത് സ്വാഗതാർഹമാണ്. വിദ്യാർഥികളിൽ അധ്വാന, സമ്പാദ്യ ശീലം വളർത്താനും സാമ്പത്തിക ക്രയവിക്രയങ്ങളിൽ പക്വത കൈവരിക്കാനും ജീവിതത്തിന്റെ പ്രായോഗികതയെ അടുത്തറിയാനും ഈ നയം സഹായകമാവും. കലാലയങ്ങളുടെ ചുറ്റും തൊഴിലിടങ്ങൾ കൂടി ഉണ്ടാവുന്ന ഒരു സാഹചര്യം നിരവധി തൊഴിലവസരങ്ങൾക്ക് കാരണമാവുകയും ചെയ്യും.

കഴിവുള്ള അധ്യാപക, അനധ്യാപക ജീവനക്കാർക്ക് കേരളത്തിൽ ജോലിചെയ്യാവുന്ന സാഹചര്യം ഉണ്ടാവാൻ ഇത്തരം ക്രിയാത്മകമായ മാറ്റങ്ങൾ ഹേതുവാകും. അത് അന്യനാടുകളിലെ ജോലി അനിശ്ചിതത്വത്തിലായ നിരവധി മലയാളി അധ്യാപകർക്ക് വലിയ സഹായകമായിത്തീരുകയും ചെയ്യും.

മറ്റൊന്ന് പ്രൊഫഷണൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുക എന്നതാണ്. ഇന്ന് ലോകത്ത് വിദ്യാഭ്യാസം വലിയ മാറ്റങ്ങൾക്കാണ് വിധേയമായിക്കൊണ്ടിരിക്കുന്നത്. ഓരോരുത്തരുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് അതിനെ പരിപോഷിപ്പിക്കുക എന്നതാണ് പുതിയ വിദ്യാഭ്യാസരീതി. ഡിഗ്രികളുടെ വലിപ്പമല്ല അവരുടെ കഴിവുകളാണ് തൊഴിലിടങ്ങളിൽ ഇന്ന് പ്രധാനം. അവിടെയാണ് പലപ്പോഴും നാം പരാജയപ്പെടുന്നത്. അഭ്യസ്തവിദ്യരായ നിരവധിപേർ തൊഴിൽരഹിതരായി ഇന്നും നമ്മുടെ നാട്ടിലുണ്ട്. അവരുടെ കഴിവുകൾ ഷാർപ്പ്ചെയ്യാൻ ഇത്തരം ഫിനിഷിങ് സ്കൂളുകളിൽ സാധ്യമാവും. ഓരോരുത്തരുടെയും കഴിവുകൾ പരിപോഷിപ്പിക്കുന്ന ഫിനിഷിങ് കോഴ്സുകൾ ഉണ്ടാവണം; അഥവാ പ്രൊഫഷണൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ. ഉന്നതപഠനം പൂർത്തിയാക്കിയവർക്കും തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ ഉപയോഗപ്പെടുത്താവുന്ന കോഴ്സുകളാണ് ഇത്തരത്തിൽ ഉണ്ടാവേണ്ടത്. ഏത് മേഖലയിൽ ആണെങ്കിലും വിദഗ്ധപരിശീലനം ലഭ്യമാക്കാനും ഓരോരുത്തർക്കും തങ്ങളുടെ കഴിവുകളെ വളർത്താനും ഈ കോഴ്സുകൾ മുഖേന സാധ്യമാവും. അതിന് ഒരു അംഗീകൃത സർട്ടിഫിക്കറ്റ് കൂടി ലഭ്യമാകുന്നതോടെ വലിയ ഒരു സമൂഹത്തെ ഈ പരിശീലന പദ്ധതികളിലേക്ക് ആകർഷിക്കുവാൻ കഴിയും. തൊഴിൽ അന്വേഷണങ്ങളിൽ ആധികാരികമായ സാക്ഷ്യപത്രം ഒരു മുതൽക്കൂട്ടാവുകയും ചെയ്യും. വിദേശരാജ്യങ്ങളിൽ ഇത്തരം കോഴ്സുകൾ നിലവിലുണ്ട്. ഈ പദ്ധതിയും പരിശീലകർക്ക് തൊഴിൽസാധ്യതയും തൊഴിൽമേഖലയിൽ ഗുണനിലവാരം മെച്ചപ്പെടുത്താനും സാധ്യമാകും. അതോടൊപ്പം തൊഴിലാളികൾക്ക് ആത്മവിശ്വാസം നൽകാനും തൊഴിലിൽ ക്രിയാത്മക മാറ്റങ്ങൾ ഉണ്ടാക്കാനും കഴിയും.

കേരളത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ, സാക്ഷരത, ആരോഗ്യ, സാമൂഹിക രംഗങ്ങളിലെ നേട്ടങ്ങൾ തുടങ്ങിയവ ലോകത്തെ കേരളത്തിലേക്ക് ആകർഷിക്കാൻ കാരണമായ ഘടകങ്ങളാണ്. അതും വലിയ തോതിൽ ജോലിസാധ്യതകൾക്ക് കാരണമാകും. മലയാളിക്ക് മലയാളമണ്ണിൽ മാന്യമായി ജീവിക്കാനുള്ള നിരവധി സാധ്യതകളാണ് കൊറോണക്കാലം സമ്മാനിക്കുന്നത്. കാര്യങ്ങളെ ഗുണപരമായി സമീപിക്കുകയും ക്രിയാത്മകമായ ഇടപെടലുകൾ സർക്കാർ, ഉദ്യോഗസ്ഥ, പൊതുസമൂഹങ്ങളിൽ നിന്നും ഉണ്ടാവുകയും ചെയ്യുകയാണെങ്കിൽ അനന്തമായ സാധ്യതകളുള്ള നല്ലനാളെയാണ് നമ്മെ കാത്തിരിക്കുന്നത്. ലോകം പുനർനിർമാണത്തിന്റെ കാഹളം മുഴക്കുന്ന ഇന്നിന്റെ സാഹചര്യത്തിൽ ആ പുനർനിർമാണ പ്രവർത്തനങ്ങളിൽ സക്രിയമായി ഇടപെടാൻ ഓരോ കേരളീയനും സാധിക്കട്ടെ എന്ന് പ്രത്യാശിക്കാം.

മെഹബൂബ് മദനി ഒറ്റപ്പാലം
mail@nerpatham.com





# ഇസ്‌ലാമും ബലികർമവും

ഇസ്‌ലാം സൽകർമമായി പരിചയപ്പെടുത്തിയ കാര്യങ്ങളെല്ലാം കഴിവിന്റെ പരമാവധി ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുകയെന്നത് വിശ്വാസികളുടെ ബാധ്യതയാണ്. പുണ്യങ്ങൾ അധികരിപ്പിക്കുന്നതിലൂടെ നമുക്ക് നാഥനുമായി കൂടുതൽ അടുക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഇത്തരുണത്തിൽ നമ്മുടെ ഈമാനിനെ ഊട്ടിയുറപ്പിക്കാൻ സഹായിക്കുന്ന ഏറെ ശ്രേഷ്ഠമായ സൽകർമമാണ് ബലി. മറ്റു കർമങ്ങളുടേതുപോലെത്തന്നെ സ്രഷ്ടാവിന്റെ പ്രീതി മാത്രമായിരിക്കണം ബലികർമത്തിൽനിന്നും വിശ്വാസികൾ ലഭ്യമാക്കേണ്ടത്.

നമസ്കാരത്തിലെ പ്രാരംഭ പ്രാർഥനയിലൂടെ നാം പ്രഖ്യാപിക്കാൻ കൽപിക്കപ്പെട്ടതും അതുതന്നെയാണല്ലോ: “ആകാശഭൂമിയുടെ സ്രഷ്ടാവിലേക്ക് വിനയത്തോടെയും ഋജുമനസ്കനായിക്കൊണ്ടും ഞാനെന്റെ മുഖത്തെ തിരിച്ചുനിർത്തിയിരിക്കുന്നു. ഞാനൊരിക്കലും ബഹുദൈവ വിശ്വാസികളിൽ പെട്ടവനല്ല. എന്റെ നമസ്കാരവും ബലികർമവും ജീവിതവും മരണവുമെല്ലാം ലോകരകഷിതാവായ അല്ലാഹുവിനുള്ളതാകുന്നു. അവന് യാതൊരു പങ്കുകാരുമില്ല. അപ്രകാരമാണ് ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നത്. ഞാൻ മുസ്‌ലിംകളുടെ കൂട്ടത്തിൽ പെട്ടവനാകുന്നു.”

ഈ പ്രഖ്യാപനം നടത്തുന്ന വിശ്വാസികൾക്കൊരിക്കലും അല്ലാഹു അല്ലാത്തവരുടെ പ്രീതിക്ക് വേണ്ടി ബലിയോ നേർച്ചയോ നടത്തുവാൻ സാധിക്കുകയില്ല.

വിശുദ്ധ ക്വുർആനിലെ ഏറ്റവും ചെറിയ അധ്യായമായ 'അൽകൗഥറി'ലും ഇക്കാര്യം വ്യക്തമാക്കപ്പെട്ടിട്ടുണ്ട്: "തീർച്ചയായും നിനക്ക് നാം ധാരാളമായി നൽകിയിരിക്കുന്നു. ആകയാൽ നീ നിന്റെ രക്ഷിതാവിനുവേണ്ടി നമസ്കരിക്കുകയും ബലിയർപിക്കുകയും ചെയ്യുക. തീർച്ചയായും നിന്നോട് വിദ്വേഷം വെച്ചുപുലർത്തുന്നവൻ തന്നെയാകുന്നു വാലറ്റവൻ (ഭാവിയില്ലാത്തവൻ)" (108:1-3).

ഇന്ന് മുസ്‌ലിം സമൂഹത്തിൽ അല്ലാഹു അല്ലാത്തവരുടെ പ്രീതികാംക്ഷിച്ചുകൊണ്ട് ധാരാളം മൃഗബലി നടക്കുന്നുവെന്നത് നിഷേധിക്കാനാവാത്ത യാഥാർഥ്യമാണ്. ദർഗകളിലും ജാറങ്ങളിലും നടക്കുന്ന ഉറൂസുകളുടെയും നേർച്ചകളുടെയും മുഖ്യചടങ്ങ് അവിടെ ഉണ്ടെന്ന് പറയപ്പെടുന്ന വലിയ്യിന്റെ പേരിലുള്ള മൃഗബലിയാണ്. അതുപോലെ കെട്ടിടനിർമാണ വേളകളിലും വ്യാപാര സ്ഥാപനങ്ങളുടെ ഉദ്ഘാടന സമയങ്ങളിലും പല മഹാത്മാക്കളുടെയും പ്രീതിക്കുവേണ്ടി മൃഗബലി നടത്തപ്പെടുന്നു. ഇതെല്ലാം ഇസ്‌ലാമിൽ ഹറാമാണ്. അല്ലാഹു അല്ലാത്തവരുടെ പേരിലും പ്രീതിക്കും വേണ്ടി അറുക്കപ്പെട്ടത് മുസ്‌ലിമിന് നിഷിദ്ധമാണ്.

അല്ലാഹു പറയുന്നു: "ശവം, രക്തം, പന്നിമാംസം, അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടത്, ശ്വാസം മുട്ടി ചത്തത്, അടിച്ചുകൊന്നത്, വീണു ചത്തത്, കുത്തേറ്റു ചത്തത്, വന്യമൃഗം കടിച്ചുതിന്നത് എന്നിവ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. എന്നാൽ (ജീവനോടെ) നിങ്ങൾ അറുത്തത് ഇതിൽ നിന്നൊഴിവാകുന്നു. പ്രതിഷ്ഠകൾക്ക് മുമ്പിൽ ബലിയർപിക്കപ്പെട്ടതും (നിങ്ങൾക്ക് നിഷിദ്ധമാകുന്നു)" (ക്വുർആൻ 05:03).

ഇവിടെ ഒരു സംശയമുണ്ടാകാനിടയുണ്ട്. ദർഗകളിലും ജാറങ്ങളിലുമെല്ലാം ബലികർമം നിർവഹിക്കുന്നത് ബിസ്മി ചൊല്ലിക്കൊണ്ട് തന്നെയാണല്ലോ. പിന്നെയങ്ങനെ അത് അല്ലാഹു അല്ലാത്തവരുടെ പേരിൽ അറുക്കപ്പെട്ടതാവും? ഉത്തരം വ്യക്തമാണ്. ഇത്തരം സന്ദർഭങ്ങളിൽ ബിസ്മി ചൊല്ലാറുണ്ടെങ്കിലും അവർ ഉദ്ദേശിക്കുന്നത് അവിടെയുള്ള വലിയ്യിന്റെ പ്രീതിയാണ്. അതുകൊണ്ട് തന്നെ അനുവദനീയമല്ല. അല്ലാഹു അല്ലാത്തവരുടെ പ്രീതിക്കുവേണ്ടി ചെയ്യുന്ന കർമങ്ങളെല്ലാം ഇസ്‌ലാമിൽ നിഷിദ്ധമാണ്.

അല്ലാഹു അല്ലാത്തവരുടെ പ്രതിഫലം കാംക്ഷിച്ചുകൊണ്ട് ബലിയറുത്താൽ അതുകൊണ്ട് റബ്ബിന്റെ ശാപമുണ്ടാകുമെന്ന് നബിﷺ പഠിപ്പിച്ചു. അലി(റ)യിൽ നിന്ന് നിവേദനം; നബിﷺ പറഞ്ഞു: "അല്ലാഹു അല്ലാത്തവർക്കു വേണ്ടി ബലിയറുക്കുന്നവരെയും മാതാപിതാക്കളെ ശപിക്കുന്നവരെയും മതത്തിലില്ലാത്ത പുതിയ കാര്യങ്ങൾ ചെയ്യുന്നവരെയും ഭൂമിയുടെ അതിർത്തികൾ മാറ്റുന്നവരെയും അല്ലാഹു ശപിച്ചിരിക്കുന്നു" (മുസ്‌ലിം).

ഇസ്‌ലാമിൽ നിർബന്ധമായും അതല്ലാതെ പുണ്യകർമമെന്ന നിലയിലും നിശ്ചയിക്കപ്പെട്ട ബലികർമങ്ങളുണ്ട്. തമത്തുഅ് ആയ രീതിയിൽ ഹജ്ജിൽ പ്രവേശിച്ചവർക്ക് മൃഗബലി നിർബന്ധമാണ്. ആദ്യം ഉംറ നിർവഹിച്ചതിന് ശേഷം ഇഹ്റാമിൽ നിന്നൊഴിവാകുകയും, പിന്നീട് ഹജ്ജ് കർമത്തിന് വേണ്ടി രണ്ടാമത് ഇഹ്റാമിൽ പ്രവേശിക്കുകയും ചെയ്യുന്ന രീതിക്കാണ് 'തമത്തുഅ്' എന്ന് പറയുന്നത്. ഇങ്ങ



നെ ചെയ്യുന്നവരോടുള്ള, റബ്ബിന്റെ കൽപന കാണുക: “അപ്പോൾ ഒരാൾ ഉംറ നിർവഹിച്ച് ഹജ്ജുവരെ സുഖമെടുക്കുന്ന പക്ഷം സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (പ്രായശ്ചിത്തമായി) ബലി നടത്തേണ്ടതാണ്” (ക്വുർആൻ 2:196).

ഹജ്ജിലെ ഏതെങ്കിലും കർമം നിർവഹിക്കാൻ കഴിയാതെ വരികയോ, ചെയ്തതിൽ അപാകത സംഭവിക്കുകയോ ചെയ്താലും മൃഗബലി നിർബന്ധമാണ്. അല്ലാഹു പറയുന്നു:

“നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക. ഇനി നിങ്ങൾക്ക് ഹജ്ജ് (നിർവഹിക്കുന്നതിന്) തടസ്സം സൃഷ്ടിക്കപ്പെട്ടാൽ നിങ്ങൾ സൗകര്യപ്പെടുന്ന ഒരു ബലിമൃഗത്തെ (ബലിയർപിക്കേണ്ടതാണ്)” (ക്വുർആൻ 12:196).

പുണ്യകർമമാക്കപ്പെട്ട ബലികളും ഇസ്‌ലാമിലുണ്ട്. ഇവ നിർബന്ധമുള്ളതല്ല. അക്കൂട്ടത്തിൽ പെട്ടതാണ് അക്വീക്വ. കുഞ്ഞ് ജനിച്ചാൽ അതിന്റെ സന്തോഷത്തിൽ അല്ലാഹുവിന് നന്ദിയർപ്പിച്ച് നടത്തുന്ന ബലികർമമാണിത്. കുഞ്ഞ് ജനിച്ച് ഏഴാം ദിവസം ഈ കർമം ചെയ്യുന്നത് പ്രത്യേകം പുണ്യമുള്ളതാണ്.

ഇതേപോലെ സുന്നത്താക്കപ്പെട്ട മറ്റൊരു ബലികർമമാണ് ഉദുഹിയ്യത്ത്. ബലിപെരുന്നാളുമായി ബന്ധപ്പെട്ട് നടത്തുന്ന ഈ കർമം ഏറെ ശ്രേഷ്ഠകരമാണ്. ഇതിന് പിന്നിലുള്ള ചരിത്ര സംഭവം അല്ലാഹു വിശദീകരിക്കുന്നത് ഇപ്രകാരമാണ്:

“അദ്ദേഹം ഇബ്‌റാഹീം(അ) പറഞ്ഞു: തീർച്ചയായും ഞാൻ എന്റെ രക്ഷിതാവിങ്കലേക്ക് പോവുകയാണ്. അവൻ എനിക്ക് വഴികാണിക്കുന്നതാണ്. എന്റെ രക്ഷിതാവേ, സദ്‌വൃത്തരിൽ ഒരാളെ നീ എനിക്ക് (പുത്രനായി) പ്രദാനം ചെയ്യേണമേ. അപ്പോൾ സഹനശീലനായ ഒരു ബാലനെപറ്റി നാം അദ്ദേഹത്തിന് സന്തോഷ വാർത്ത അറിയിച്ചു. എന്നിട്ട് ആ ബാലൻ അദ്ദേഹത്തോടൊപ്പം പ്രയത്നിക്കാനുള്ള പ്രായമെത്തിയപ്പോൾ അദ്ദേഹം പറഞ്ഞു. എന്റെ കുഞ്ഞുമകനേ! ഞാൻ നിന്നെ അറുക്കണമെന്ന് സ്വപ്നത്തിൽ കാണുന്നു. അതുകൊണ്ട് നോക്കൂ, നീ എന്താണ് അഭിപ്രായപ്പെടുന്നത്. അവൻ പറഞ്ഞു: എന്റെ പിതാവേ, കൽപിക്കപ്പെടുന്നതെന്തോ അത് താങ്കൾ ചെയ്തുകൊള്ളുക. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം ക്ഷമാശീലരുടെ കൂട്ടത്തിൽ താങ്കൾ എന്നെ കണ്ടെത്തുന്നതാണ്. അങ്ങനെ അവർ ഇരുവരും (കൽപനക്ക്) കീഴ്പ്പെടുകയും, അവനെ നെറ്റിമേൽ ചെരിച്ചുകിടത്തുകയും ചെയ്ത സന്ദർഭം! നാം അദ്ദേഹത്തെ വിളിച്ചു പറഞ്ഞു! ഹേ ഇബ്‌റാഹീം, തീർച്ചയായും നീ സ്വപ്നം സാക്ഷാൽകരിച്ചിരിക്കുന്നു. തീർച്ചയായും അപ്രകാരമാണ് നാം സദ്‌വൃത്തർക്ക് പ്രതിഫലം നൽകുന്നത്. തീർച്ചയായും ഇത് സ്പഷ്ടമായ പരീക്ഷണം തന്നെയാണ്. അവന് പകരം ബലിയർപ്പിക്കാനായി മഹത്തായ ഒരു ബലിമൃഗത്തെ നാം നൽകുകയും ചെയ്തു” (ക്വുർആൻ 37:99-07).



ബലിപെരുന്നാളിലെ ബലികർമം ഈ സംഭവത്തെ ഓർമിപ്പിക്കുന്നു. അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടി എന്തും സമർപ്പിക്കുവാനുള്ള ത്യാഗസന്നദ്ധതയാണ് ഇബ്‌റാഹീം നബി(അ)യുടെ ചരിത്രത്തിൽ നിന്ന് നമുക്കുള്ള പാഠം.

ബലികർമത്തെ കുറിച്ച് അല്ലാഹു പറയുന്നത് കാണുക: “അവയുടെ മാംസങ്ങളോ രക്തങ്ങളോ അല്ലാഹുവിങ്കൽ എത്തുന്നതേയില്ല. എന്നാൽ നിങ്ങളുടെ ധർമനിഷ്ഠയാണ് അവങ്കൽ എത്തുന്നത്. അല്ലാഹു നിങ്ങൾക്ക് മാർഗദർശനം നൽകിയതിന്റെ പേരിൽ നിങ്ങൾക്ക് അവന്റെ മഹത്ത്വം പ്രകീർത്തിക്കേണ്ടതിനായി അപ്രകാരം അവൻ അവയെ നിങ്ങൾക്ക് കീഴ്പെടുത്തി തന്നിരിക്കുന്നു. (നബിയേ) സദ്‌വൃത്തർക്ക് നീ സന്തോഷവാർത്ത അറിയിക്കുക”(ക്വുർആൻ 22:37).

ശൈഖ് മുഹമ്മദ് സ്വാദിഖ് മുഹമ്മദ്
വിവ: അർശദ് കാരക്കാട്



ഇസ്‌ലാമും പരിസ്ഥിതി സംരക്ഷണവും 2

# ഇസ്‌ലാമും സസ്യലോക സംരക്ഷണവും

ജന്തുലോകത്തെ സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാടാണ് നാം കഴിഞ്ഞ ലക്കത്തിൽ വിശദീകരിച്ചത്. സസ്യലോകത്തെ സംബന്ധിച്ച ഇസ്‌ലാമിന്റെ കാഴ്ചപ്പാട് എന്താണ് എന്നതാണ് ഇനി വിശദീകരിക്കാൻ പോകുന്നത്. ജീവജാലങ്ങളിലെന്നപോലെ അല്ലാഹുവിന്റെ അതിവിശാലമായ കാരുണ്യം സസ്യജാലങ്ങളിലും കാണാവുന്നതാണ്. മനുഷ്യന് അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ പെട്ടതാണ് സസ്യജാലങ്ങൾ. അവയില്ലെങ്കിൽ മനുഷ്യന് ഭൂമിയിലെ ജീവിതം അസാധ്യമാണ്. അതിനാൽതന്നെ വിശുദ്ധ ക്വുർആനിൽ പലയിടങ്ങളിലായി സസ്യജാലങ്ങളെ സംബന്ധിച്ച പരാമർശങ്ങൾ കാണാവുന്നതാണ്. മനുഷ്യജീവിതം ഭൂമിയിൽ നിലനിർത്തുന്നതിനുള്ള സുപ്രധാന മാർഗമെന്ന നിലക്കാണ് സസ്യജാലങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അതുപോലെ, കന്നുകാലികളുടെ ഭക്ഷണവുമാണത്. അല്ലാഹു പറയുന്നു: "എന്നാൽ മനുഷ്യൻ തന്റെ ഭക്ഷണത്തെപ്പറ്റി ഒന്നു ചിന്തിച്ച് നോക്കട്ടെ. നാം ശക്തിയായി മഴ വെള്ളം ചൊരിഞ്ഞുകൊടുത്തു. പിന്നീട് നാം ഭൂമിയെ ഒരുതരത്തിൽ പിളർത്തി. എന്നിട്ട് അതിൽ നാം ധാന്യം മുളപ്പിച്ചു, മുന്തിരിയും പച്ചക്കറികളും ഒലീവും ഈന്തപ്പനയും ഇടതൂർന്നുനിൽക്കുന്ന തോട്ടങ്ങളും പഴവർഗവും പുല്ലും. നിങ്ങൾക്കും നിങ്ങളുടെ കാലികൾക്കും ഉപയോഗത്തിനായിട്ട്" (ക്വുർആൻ 80:24-32).

സസ്യജാലങ്ങളെ സൃഷ്ടിച്ചത് മനുഷ്യനുവേണ്ടിയും അവൻ വളർത്തുന്ന നാൽകാലികൾക്ക് വേണ്ടിയുമാണെന്ന് അല്ലാഹു തന്റെ ദാസന്മാരെ ഈ സൂക്തങ്ങളിലൂടെ ഓർപ്പെടുത്തുകയാണ്. 32ാം വചനത്തിലുള്ള 'മതാഅ്' എന്ന പദം ഉപകാരപ്രദമാകുന്ന എല്ലാ വിഭവങ്ങളെയും സൂചിപ്പിക്കുന്നു. സ്വന്തത്തിനും സമൂഹത്തിനും പ്രയോജനകരമായിട്ടുള്ളത് മനുഷ്യൻ നശിപ്പിക്കുകയോ കേടുവരുത്തുകയോ അല്ലെങ്കിൽ ധൂർത്തടിക്കുകയോ ചെയ്യുന്നത് ഇസ്‌ലാമിക അധ്യാപനങ്ങൾ വിലക്കുന്നു. അല്ലാഹു പറയുന്നു: "ആകാശത്തുനിന്ന് നാം അനുഗ്രഹീതമായ വെള്ളം വർഷിക്കുകയും എന്നിട്ട് അതുമൂലം പലതരം തോട്ടങ്ങളും കൊയ്തെടുക്കുന്ന ധാന്യങ്ങളും നാം മുളപ്പിക്കുകയും ചെയ്തു. അടുക്കടുക്കായി കുലകളുള്ള ഉയരമുള്ള ഈന്തപ്പനകളും" (ക്വുർആൻ 50:9-10).

മനുഷ്യന്റെ അന്നമാണ് ധാന്യങ്ങളും മറ്റു വിളകളും. അവ ഉണ്ടാകുന്നത് സസ്യജാലങ്ങളിലാണ്. ഈ അനുഗ്രഹം പ്രദാനം ചെയ്ത അല്ലാഹുവിന് മനുഷ്യൻ നന്ദി കാണിക്കേണ്ടതുണ്ട്. നന്ദി പ്രകടിപ്പിക്കുകയെന്നത് അവനെ സ്തുതിക്കുകയും പുകഴ്ത്തുകയും അവൻ ഇഷ്ടപ്പെടുന്ന രീതിയിൽ അവ വിനിയോഗിക്കുകയും ചെയ്യുകയെന്നതാണ്.

അല്ലാഹു പറയുന്നു: "നിങ്ങൾക്കു വേണ്ടി ഭൂമിയെ തൊട്ടിലാക്കുകയും, നിങ്ങൾക്ക് അതിൽ വഴികൾ ഏർപ്പെടുത്തിത്തരികയും, ആകാശത്തുനിന്ന് വെള്ളം ഇറക്കിത്തരികയും ചെയ്തവനത്രെ അവൻ. അങ്ങനെ അത് (വെള്ളം) മൂലം വ്യത്യസ്ത തരത്തിലുള്ള സസ്യങ്ങളുടെ ജോടികൾ നാം (അല്ലാഹു) ഉൽപാദിപ്പിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ തിന്നുകയും നിങ്ങളുടെ കന്നുകാലികളെ മേയ്ക്കുകയും ചെയ്തുകൊള്ളുക. ബുദ്ധിമാന്മാർക്ക് അതിൽ ദൃഷ്ടാന്തമുണ്ട്" (ക്വുർആൻ 20:53,54).

കൃഷിചെയ്യുന്നതിന് പ്രേരിപ്പിക്കുന്ന ധാരാളം പ്രവാചക വചനങ്ങൾ നമുക്ക് കാണാൻ കഴിയുന്നതാണ്. ജാബിറി ﵁ ൽ നിന്ന് ഇമാം മുസ്‌ലിം തന്റെ സ്വഹീഹിൽ റിപ്പോർട്ട് ചെയ്യുന്നു: പ്രവാചകൻ ﷺ പറയുന്നു: "ഒരു മുസ്‌ലിമും ഒരു ചെടി നടുകയോ അല്ലെങ്കിൽ കൃഷിയോ ചെയ്യുന്നില്ല; അതിൽനിന്ന് പക്ഷികളും മനുഷ്യരും നാൽക്കാലികളും ഭക്ഷിക്കുകയും അത് അവന് ദാനമാവുകയും ചെയ്തുകൊണ്ടല്ലാതെ."

അഥവാ, താൻ നട്ട ചെടിയോ അല്ലെങ്കിൽ കൃഷിയോ കാരണമായി കർഷകന് തന്റെ മരണ ശേഷവും പ്രതിഫലം ലഭിക്കുന്നു. അതിൽനിന്ന് ഉൽപാദിപ്പിക്കപ്പെടുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതിലൂടെ അവർക്ക് അന്ത്യദിനം വരെ പ്രതിഫലം ലഭിച്ചുകൊണ്ടേയിരിക്കുന്നതാണ്!

അനസി ﵁ ൽനിന്ന് ഇമാം ബൈഹക്വി റിപ്പോർട്ട് ചെയ്യുന്നു; പ്രവാചകൻ ﷺ പറയുന്നു: "ഒരു അടിമയുടെ മരണശേഷം ക്വബ്റിലിയാരിക്കെ ഏഴു കാര്യങ്ങൾ അവനെ തുടർന്ന് വരുന്നതായിരിക്കും. ആരെങ്കിലും അറിവ് പകർന്നുനൽകുകയോ തോടുവെട്ടുകയോ കിണർകുഴിക്കുകയോ ഈന്തപ്പന നടുകയോ പള്ളിനിർമിക്കുകയോ മുസ്ഹഫ് ദാനമായി നൽകുകയോ മരണശേഷം തനിക്ക് വേണ്ടി പ്രാർഥിക്കുന്ന സൽസ്വഭാവിയായ മകനെ വളർത്തുകയോ ചെയ്തെങ്കിൽ (ഈ ഏഴ് കാര്യങ്ങൾ മരണാനന്തരം ഒരു അടിമയെ പിന്തുടർന്ന് വരുന്നതാണ്)."

തോടുവെട്ടുക, കിണർകുഴിക്കുക, മരംനടുക എന്നീ കാര്യങ്ങളെയും പള്ളി നിർമിക്കുക, അറിവ് പകർന്ന് നൽകുക, മുസ്ഹഫ് ദാനമായി നൽകുക എന്നീ കാര്യങ്ങളെയും സമീകരിച്ചുകൊണ്ട് ഒരേപോലെയാണ് ഈ ഹദീഥിൽ പരാമർശിക്കുന്നത്. അവയ്ക്കിടയിൽ ഒരു വ്യത്യാസവുമില്ല. ഇത്തരത്തിൽ പ്രവർത്തിക്കുന്നവർക്ക് തങ്ങളുടെ മരണശേഷവും പ്രതിഫലം നിലയ്ക്കാതെ ലഭിച്ചുകൊണ്ടിരിക്കുകയെന്നത് ദാസന്മാരോടുള്ള അല്ലാഹുവിന്റെ അതിയായ കാരുണ്യത്തെയും അവർക്കുമേൽ നാഥൻ ചൊരിയുന്ന അനുഗ്രഹത്തെയുമാണ് കുറിക്കുന്നത്.



ഇസ്‌ലാം മനുഷ്യരെ കേവലം കൃഷിചെയ്യുക എന്നതിലേക്കല്ല ക്ഷണിക്കുന്നത്. മറിച്ച്, വ്യക്തിയെന്ന നിലയിൽ പ്രത്യേകിച്ചും സമൂഹമെന്നനിലയിൽ പൊതുവായും കൃഷിചെയ്യുന്നതിലൂടെ പ്രയോജനം കൊണ്ടുവരിക എന്നതിലേക്കാണ്.



മുഹ്‌യുസ്സുന്നയിൽനിന്ന് ത്വയ്യിബി റിപ്പോർട്ട് ചെയ്യുന്നു: 'ഒരാൾ അബുദ്ദർദാഇﷺന്റെ അടുക്കലൂടെ നടന്നുനീങ്ങി; അദ്ദേഹം മരംനടുകയായിരുന്നു. അപ്പോൾ അയാൾ ചോദിച്ചു: 'വാർധക്യത്തിലാണോ താങ്കൾ ഈ മരം നടുന്നത്? ഇന്നാലിന്ന വർഷമല്ലാതെ താങ്കൾ ഇതിൽനിന്ന് ഭക്ഷിക്കുകയില്ല.' (ഒരുപാട് വർഷം കാത്തിരിക്കേണ്ടതായി വരും). അബുദ്ദർദാഅ്ﷺ പറഞ്ഞു: 'അതിൽനിന്ന് മറ്റുള്ളവർ ഭക്ഷിക്കുന്നതിലൂടെ അതിന്റെ പ്രതിഫലം എനിക്ക് ലഭിക്കുകയെന്നതാണ് (ഞാൻ ആഗ്രഹിക്കുന്നത്).'

ജീവന്റെ അടിസ്ഥാനഘടകമാണ് വെള്ളമെന്ന് വിശുദ്ധഖുർആൻ സാക്ഷ്യപ്പെടുത്തുന്നു. വെള്ളമില്ലാത്ത ജീവിതത്തെക്കുറിച്ച് ചിന്തിക്കുവാൻപോലും നമുക്ക് കഴിയുകയില്ല. അല്ലാഹു പറയുന്നു: '...വെള്ളത്തിൽനിന്ന് എല്ലാ ജീവവസ്തുക്കളും നാം ഉണ്ടാക്കുകയും ചെയ്തു...' (ക്വുർആൻ 21:30). 'എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു...' (ക്വുർആൻ 24:45).

എല്ലാ ജീവനുള്ളവയുടെയും അവയുടെ ഘടനയുടെയും അടിസ്ഥാനം വെള്ളത്തിൽനിന്നാണെന്ന് വിശുദ്ധ ക്വുർആൻ വ്യക്തമാക്കുകയാണ്. ശാസ്ത്രജ്ഞർ പറയുന്നു: മനുഷ്യശരീരത്തിലെ അടിസ്ഥാന ഘടകമാണ് വെള്ളം. മനുഷ്യശരീരത്തിൽ 76 ശതമാനത്തോളം വെള്ളമാണ്. ഇപ്രകാരം തന്നെയാണ് മറ്റു ജീവികളുടെ അവസ്ഥയും. വെള്ളമില്ലാതെ സസ്യജാലങ്ങൾ നിലനിൽക്കുകയെന്നത് അസാധ്യമാണ്. ഒരുകിലോ പഞ്ചസാര ഉൽപാദിപ്പിക്കുന്നതിന് ആയിരംലിറ്റർ ശുദ്ധമായവെള്ളം വേണ്ടിവരുന്നു. ഒരു കിലോ ഗോതമ്പ് ഉൽപാദിപ്പിക്കുന്നതിന് 1500 ലിറ്റർ വെള്ളം ആവശ്യമായിവരുന്നു. ഇപ്രകാരംതന്നെ മറ്റുള്ള വസ്തുക്കൾ ഉൽപാദിപ്പിക്കുന്നതിനും വെള്ളം അനിവാര്യമായിവരുന്നു. ഉദാഹരണമായി, ഒരു കിലോ കമ്പി ഉരുക്കുന്നതിന് 400 ലിറ്റർ വെള്ളം വേണ്ടിവരുന്നു.

ഇതുകൊണ്ടാണ് ഇസ്‌ലാം വെള്ളത്തെ ഏറ്റവും വലിയ അനുഗ്രഹമായി കാണുന്നത്. അത് മലിനമാക്കാതിരിക്കാനും ദുർവ്യയം ചെയ്യാതിരിക്കാനും ഇസ്‌ലാം നമ്മോട് ആഹ്വാനം ചെയ്യുന്നു.

പൂർവികരായ പണ്ഡിതർ വെള്ളത്തിന് വലിയ പ്രാധാന്യം നൽകിയതായി കാണാവുന്നതാണ്. അവരുടെ ഗ്രന്ഥങ്ങളിലെ വെള്ളത്തിന്റെ പ്രാധാന്യം വിളിച്ചോതുന്ന തലക്കെട്ടുകൾ അത് വ്യക്തമാക്കുന്നു. 'ഒഴുകുന്ന നദിയിലാണെങ്കിലും വെള്ളം അമിതമായി ഉപയോഗിക്കുകയെന്നത് വെറുക്കപ്പെട്ടതാണ്,' 'പ്രവാചകൻﷺ ഒരു സ്വാഅ് കൊണ്ടോ അഞ്ച് മുദ്ദ്കൊണ്ടോ കുളിക്കുകയും ഒരു മുദ്ദ്കൊണ്ട് വുദുവെടുക്കുകയും ചെയ്തിരുന്നു' (നാല് മുദ്ദാണ് ഒരു സ്വാഅ്, ഏകദേശം മൂന്ന് ലിറ്റർ വെള്ളം. അഥവാ, നന്നെ കുറഞ്ഞ വെള്ളം ഉപയോഗിച്ച് വുദൂഅ് എടുക്കുകയും കുളിക്കുകയും ചെയ്തിരിന്നുവെന്ന് സാരം) എന്നീ തലക്കെട്ടുകൾ ഉദാഹരണം. പ്രവാചക വചനത്തെ അടിസ്ഥാനമാക്കിക്കൊണ്ടാണ് ഇത്തരത്തിൽ അവർ തലവാചകങ്ങൾ നൽകിയിട്ടുള്ളത്.

ഇമാം അഹ്മദ് തന്റെ മുസ്നദിൽ ഉദ്ധരിക്കുന്നു: അബ്ദുല്ലാഹിബിൻ അംറ്ബിൻ ആസിൽനിന്ന് റിപ്പോർട്ട് ചെയ്യുന്നു: 'പ്രവാചകൻﷺ സഅ്ദിﷺന്റെ അടുക്കലൂടെ നടക്കുകയായിരുന്നു. അദ്ദേഹം വുദുഅ് എടുക്കുകയായിരുന്നു. പ്രവാചകൻ പറഞ്ഞു: 'സഅ്ദ്, എന്തൊരു ധൂർത്താണിത്?' അദ്ദേഹം ചോദിച്ചു: 'വുദൂഇലും ധൂർത്തോ?' പ്രവാചകൻﷺ പറഞ്ഞു: 'അതെ, താങ്കൾ ഒ

ഴുകുന്ന നദിയിലാണെങ്കിലും (അമിതമായി വെള്ളം ഉപയോഗിക്കുകയെന്നത് ധൂർത്ത് തന്നെയാണ്).'

വുദൂഅ് എടുക്കുക, (വലിയ അശുദ്ധിയുണ്ടായതിനെ തുടർന്ന്) കുളിക്കുക എന്നത് അല്ലാഹു വിശ്വാസികൾക്ക് നിർബന്ധമാക്കിയിട്ടുള്ളതാണ്. എന്നാൽ, അല്ലാഹു തന്റെ അടിമകളോട് നിർബന്ധമാക്കിയ ഈ കാര്യത്തിൽ പോലും ധൂർത്ത് പാടില്ലെന്ന് കൽപിക്കുമ്പോൾ മറ്റുള്ള കാര്യങ്ങളിൽ എത്രകണ്ട് നിഷിദ്ധമാകുമെന്നത് പറയേണ്ടതില്ലല്ലോ!

പരിസ്ഥിതിസംരക്ഷണ ബോധത്തോടെ യുവതലമുറയെ വളർത്തിയെടുക്കുക

പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് മതിയായ രീതിയിലുള്ള പ്രായോഗിക ശിക്ഷണം ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്നതാണ് പരിസ്ഥിതി മലനീകരിക്കപ്പെടാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം. ഇസ്‌ലാം ഈ വിഷയത്തിന് വലിയ പ്രാധാന്യമാണ് നൽകുന്നത്. അത് വിശുദ്ധ ക്വുർആനിൽ നിന്നും പ്രവാചക വചനങ്ങളിൽ നിന്നും വ്യക്തമാണ്. പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയം ഇസ്‌ലാമിലെ വൈകാരികമായ വിഷയങ്ങളിൽ പെട്ടതാകുന്നു. എത്രത്തോളമെന്നാൽ, ഇസ്‌ലാമികരാഷ്ട്രം പരിസ്ഥിതി മലിനീകരണ പ്രശ്നങ്ങൾ തടയുന്നതിനും പരിഹരിക്കുന്നതിനുമായി വിവിധങ്ങളായ നിർദേശങ്ങളാണ് മുന്നോട്ടുവെക്കുന്നത്. നമ്മൾ നിലകൊള്ളുന്ന ഈ അഭിപ്രായത്തെ പിന്തുണക്കുന്ന ഒരുപാട് പ്രമാണങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയുന്നതാണ്. അവയിൽ ചിലത് മുമ്പ് നാം വ്യക്തമാക്കിയിരുന്നു. അതുപോലെ, കർമശാസ്ത്ര ഗ്രന്ഥങ്ങളിൽ കന്നുകാലികളെ വളർത്തുന്നവർ ജീവജാലങ്ങളോട് കാണിക്കേണ്ട ഉത്തരവാദിത്തങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ച് കാണാവുന്നതാണ്. ആ നിർദേശങ്ങളും ഉത്തരവാദിത്തങ്ങളും കേവലമായി വായിച്ചുപോവുക എന്നതല്ല നമ്മിൽനിന്ന് ആവശ്യപ്പെടുന്നത്. മറിച്ച്, പ്രായോഗിക മണ്ഡലത്തിലേക്ക് കൊണ്ടുവരികയെന്നതാണ്. ഇതര വിഷയങ്ങളിൽ കൈക്കൊണ്ടിട്ടുള്ള അതേനിലപാട് തന്നെയാണ് ഇസ്‌ലാം പരിസ്ഥിതിസംരക്ഷണ വിഷയത്തിലും കൈക്കൊണ്ടിട്ടുള്ളത്. അറിയുക, അത് നിർദേശങ്ങളെ പ്രയോഗവത്കരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുകയെന്നതാണ്.

തീർച്ചയായും ഈയൊരു ആശയം ഇസ്‌ലാമിന്റ തുടക്കത്തിൽ തന്നെ പ്രയോഗവത്കരിക്കപ്പെട്ടതാണ്. ജീവജാലങ്ങളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട നിയമങ്ങളെന്ന് വിളിക്കപ്പെടുന്ന 'The Red Book of Animals' ഇസ്‌ലാമിൽനിന്നാണ് രൂപമെടുത്തതെന്ന് പറയാൻ കഴിയും. ഉദാഹരണമായി, തനിക്ക് ചുറ്റുമുള്ള പ്രകൃതിയുടെ പ്രാധാന്യം എത്രത്തോളമുണ്ടെന്ന് മനസ്സിലാക്കുന്നതിനുവേണ്ടി മരംമുറിക്കുക, വിളകൾ കൊയ്തെടുക്കുക, വേട്ട ചെയ്യുക എന്നിവ പ്രത്യേക സമയങ്ങളിലും സ്ഥലങ്ങളിലും നിരോധിക്കപ്പെട്ടതായി കാണാവുന്നതാണ്. അതുപോലെ, ഹജ്ജിനോ ഉംറക്കോ ഇഹ്റാം കെട്ടിയ ഒരാൾ ജീവജാലങ്ങളെ വേട്ടയാടുകയെന്നത് നിഷിദ്ധമാണ്. അപ്രകാരം ഇഹ്റാമിലായാരിക്കെ അവയെ ഉപദ്രവിക്കുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.

അല്ലാഹു പറയുന്നു: "നിങ്ങൾക്കും യാത്രാസംഘങ്ങൾക്കും ജീവിതവിഭവമായിക്കൊണ്ട് കടലിലെ വേട്ടജന്തുക്കളും സമുദ്രാഹാരവും നിങ്ങൾക്ക് അനുവദിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ഇഹ്റാമിലായിരിക്കുമ്പോഴൊക്കെയും കരയിലെ വേട്ടജന്തുക്കൾ നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഏതൊരുവനിലേക്കാണോ നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുന്നത് ആ അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക" (ക്വുർആൻ 5:96).

ഹജ്ജിനോ ഉംറക്കോ വേണ്ടി ഇഹ്റാം കെട്ടിയതിന് ശേഷം വേട്ടമൃഗത്തെ പിടിക്കുന്നതിനോ, ആ സ്ഥലം കാണിച്ചുകൊടുക്കുന്നതിനോ അനുവാദമില്ലെന്ന് ഈ സൂക്തം വ്യക്തമാക്കുന്നു. ജീവജാലങ്ങളെ ഉപദ്രവിക്കൽ മാത്രമല്ല, ഒരു പക്ഷിയുടെ മുട്ട പോലും കേടുവരുത്താൻ അനുവാദമില്ല.



സമാധാനനിയമത്തിന് കീഴൊതുങ്ങാത്ത അടിയന്തര അവസ്ഥയായിട്ടാണ് യുദ്ധം പരിഗണിക്കപ്പെടാറുള്ളത്. ജീവനെ ഇല്ലാതാക്കുക, എല്ലാം നാശോന്മുഖമാക്കുക എന്നതാണ് മൊത്തത്തിൽ യുദ്ധമെന്ന് പറയുന്നത്. എന്നാൽ, ശാന്തിയുടെയും സമാധാനത്തിന്റെയും മതമായ ഇസ്‌ലാം യുദ്ധം കൊളുത്തിവിടുന്ന വിനാശത്തെ പ്രതിരോധിക്കുന്നതിനായി ശ്രമിക്കുന്നതായി കാണാം. എന്നിരുന്നാലും, ജീവൻ സംരക്ഷിക്കുന്നതിന് വേണ്ടി അനിവാര്യഘട്ടത്തിൽ ശത്രുക്കളോട് യുദ്ധത്തിലേർപ്പെടുന്നതിന് ഇസ്‌ലാം അനുവാദം നൽകുന്നുണ്ട്. എന്നാൽ, യുദ്ധസന്ദർഭത്തിൽ മൃഗീയ മനോഭാവം കൈക്കൊള്ളുക, ഭൂമിയിൽ നാശം വിതക്കുക, മനുഷ്യത്വരഹിതമായി പെരുമാറുക എന്നിവ ഇസ്‌ലാം വിലക്കുന്നു.

ഇവ്വിഷയകമായി ഒരുപാട് നിർദേശങ്ങൾ കാണാവുന്നതാണ്. അവയിൽനിന്നുള്ള ഒരു ഉദാഹരണമാണ് ഇവിടെ കൊടുക്കുന്നത്. അത് അബൂബക്കർ‍ﷺ സൈന്യത്തിന്റെ പടത്തലവന് നൽകുന്ന നിർദേശമാണ്. ഇമാം മാലിക്(റഹി) മുവത്വയിൽ ഉദ്ധരിക്കുന്നു:

"അബൂബക്കർ‍ﷺ സൈന്യത്തെ സിറിയയിലേക്ക് നിയോഗിച്ചു. അദ്ദേഹം സൈന്യത്തിന്റെ തലവനായ യസീദ് ബിൻ അബീസുഫ്‌യാനോട് പറഞ്ഞു: 'ഞാൻ പത്ത് കാര്യങ്ങൾ താങ്കളെ ഉപദേശിക്കുന്നു. കുട്ടികൾ, സ്ത്രീകൾ, പ്രായംചെന്നവർ തുടങ്ങിയവരെ നിങ്ങൾ വധിക്കരുത്, ഫലങ്ങൾകായ്ക്കുന്ന മരങ്ങൾ മുറിക്കരുത്, വീടുകൾ തകർക്കരുത്, ഒട്ടകത്തെയും ആടിനെയും ഭക്ഷിക്കാനല്ലാതെ അറുക്കരുത്, ഈന്തപ്പന നശിപ്പിക്കരുത്, നിങ്ങൾ ഭിന്നിക്കരുത്, ഭീരുത്വം കാണിക്കുകയും അരുത്."

പ്രതിസന്ധി ഘട്ടത്തിൽ, വിശ്വാസവും ഭാവിയും ഭീഷണിയുടെ മുൾമുനയിൽ നിൽക്കുമ്പോൾ പോലും പരിസ്ഥിതിസംരക്ഷണത്തിന് വിശ്വാസി നൽകേണ്ട പ്രാധാന്യമാണിവിടെ കാണാൻ കഴിയുന്നത്. ഈ സന്ദർഭത്തിൽ ജീവജാലങ്ങളെ അനാവശ്യമായി കൊലചെയ്യാനും ഫലങ്ങൾ കായ്ക്കുന്ന മരങ്ങളും ചെടികളും നശിപ്പിക്കാനും മനുഷ്യന് അനുവാദമില്ല. ഇസ്‌ലാം പരിസ്ഥിതി സംരക്ഷണത്തിന് നൽകുന്ന ഉയർന്ന പ്രാധാന്യത്തിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്. ഇത്തരത്തിലുള്ള അടിസ്ഥാന നിർദേശങ്ങൾ സമൂഹത്തെ ബോധ്യപ്പെടുത്തേണ്ടത് മുതിർന്ന ആളുകളുടെ ഉത്തരവാദിത്തമാണ്. ഈ ഇസ്‌ലാമിക പാഠങ്ങൾ വരുംതലമുറക്ക് അവർ പഠിപ്പിച്ചുകൊടുക്കുകയും പ്രയോഗവത്കരിക്കുകയും ചെയ്ത് സമുന്നത മാതൃകയാവേണ്ടതുണ്ട്.


സ്വഹീഹ് ബുഖാരിയിലും മുസ്‌ലിമിലും ഉദ്ധരിച്ച ഒരു ഹദീഥിൽ ഇപ്രകാരം കാണാവുന്നതാണ്: "കുറൈശികളിൽ പെട്ട യുവാക്കളുടെ അടുക്കലൂടെ ഇബ്നുഉമർ‍ﷺ നടന്നുപോവുകയായിരുന്നു. അവർ പക്ഷിയെ നാട്ടിനിർത്തി എറിയുകയായിരുന്നു. തെറിച്ചുവീണ എല്ലാ അമ്പുകളും അവർ പക്ഷിയുടെ ഉടമസ്ഥന് നൽകുമ്പോഴാണ് ഇബ്നു ഉമറിനെ കണ്ടത്. അപ്പോൾ അവരെല്ലാവരും ഓടിപ്പോയി. ഇബ്നു ഉമർ‍ﷺ ചോദിച്ചു: 'ആരാണിത് ചെയ്തത്? ഇപ്രകാരം പ്രവർത്തിച്ചവരെ അല്ലാഹു ശപിച്ചിരിക്കുന്നു. ജീവനുള്ളവയെ എറിഞ്ഞ് വീഴ്ത്തുന്നതിനെ (എറിഞ്ഞുകൊല്ലാൻവേണ്ടി പിടിച്ചുവെക്കുന്നതിനെ) അല്ലാഹുവിന്റെ റസൂൽ ശപിച്ചിരിക്കുന്നു.'



ഇബ്നു ഉമർ‍ﷺ ഇത്തരം സന്ദർഭങ്ങളിൽ കടുത്തരീതിയിൽ പ്രതികരിച്ചതായി ഒരുപാട് ഹദീഥ് വ്യഖ്യാതാക്കൾ ചൂണ്ടിക്കാണിക്കുന്നു. ഓരോ വിശ്വാസിയും പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ഇസ്‌ലാമിക പാഠങ്ങളും നിർദേശങ്ങളും അറിഞ്ഞിരിക്കുകയെന്നത് അനുപേക്ഷണീയമാണ്. അത് എല്ലാ സ്ഥലത്തും സന്ദർഭത്തിലും പ്രാവർത്തികമാക്കുകയും ശരിയായ വിധത്തിൽ മനസ്സിലാക്കുകയും നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവരികയും ചെയ്യേണ്ടതുണ്ട്. എല്ലാ പ്രവർത്തനങ്ങളിലും വിവേകവും കാര്യബോധവും പ്രദാനം ചെയ്യുന്നതിന് വേണ്ടി അല്ലാഹുവിനോട് പ്രാർഥിക്കുന്നു!

ലേഖനം

അബൂഫായിദ
mail@nerpatham.com



# കഅ്ബ നിർമാണവും ഇബ്റാഹീം നബിയും

മാനവരാശിയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒരു സംഭവമാണ് മക്കയിലെ കഅ്ബാ ഗേഹത്തിന്റെ നിർമാണം. ചരിത്രപ്രധാനമായ ഈ നിർമാണ പ്രവർത്തനം നടത്തിയത് ഇബ്റാഹീം നബിعليه السلامയും പുത്രൻ ഇസ്മാഈൽ നബിعليه السلامയും ചേർന്നാണ്. സ്രഷ്ടാവിനോടുള്ള മനുഷ്യരാശിയുടെ കീഴ്വണക്കത്തിന്റെയും വിധേയത്വത്തിന്റെയും അടയാളവും മനുഷ്യരാശിയും സ്രഷ്ടാവും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രപരമായ പ്രതീകവുമാണ് കഅ്ബ. അതിപ്രധാനമായ ഈ ചരിത്രസ്മാരകത്തിന്റെ നിർമാണം നിർവഹിക്കുകവഴി ഇബ്റാഹീം നബിعليه السلامയും ഇസ്മാഈൽ നബിعليه السلامയും മാനവരാശിയെ സംബന്ധിച്ച് അവിസ്മരണീയരായ രണ്ട് മഹാവ്യക്തിത്വങ്ങളായി ചരിത്രത്തിൽ പ്രതിഷ്ഠ നേടി. കഅ്ബാ നിർമാണവും ഇബ്റാഹീം നബിعليه السلامയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്ന നിരവധി പരാമർശങ്ങൾ വിശുദ്ധ ക്വുർആനിലുണ്ട്. അവയിൽ ഒന്ന് ഇപ്രകാരമാണ്:

"ഇബ്റാഹീമും ഇസ്മാഈലും കൂടി ആ ഭവനത്തിന്റെ (കഅ്ബയുടെ) അടിത്തറ കെട്ടി ഉയർത്തിക്കൊണ്ടിരുന്ന സന്ദർഭവും (അനുസ്മരിക്കുക). (അവർ ഇപ്രകാരം പ്രാർഥിച്ചിരുന്നു) ഞങ്ങളുടെ രക്ഷിതാവേ, ഞങ്ങളിൽനിന്ന് നീ ഇത് സ്വീകരിക്കേണമേ. തീർച്ചയായും നീ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാകുന്നു" (ക്വുർആൻ 2:127).

കഅ്ബ മാനവരാശിയുടെ ചരിത്രത്തിൽ വളരെയധികം സ്വാധീനം ചെലുത്തിയ നിരവധി സംഭവവികാസങ്ങളുടെ കേന്ദ്രബിന്ദുവാണ്. മനുഷ്യനിർമിതങ്ങളും കൃത്രിമങ്ങളുമായ മതങ്ങളുടെയും കെട്ടുകഥകളുടെയും ഇടയിൽനിന്നും സ്രഷ്ടാവിന്റെ പ്രീതിക്കർഹമാക്കുന്ന യഥാർഥ രക്ഷാസരണി കണ്ടെത്തുവാൻ സത്യാന്വേഷകനെ സഹായിക്കുന്ന ഒരു പ്രതീകമാണ് കഅ്ബ. ലോകമതങ്ങളുടെയും വിശ്വാസസരണികളുടെയും കൂട്ടത്തിൽ കഅ്ബയെ മാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു മതവും ഇസ്‌ലാമൊഴിച്ച് ഇല്ല. മറ്റു മതങ്ങൾക്കാകട്ടെ ഇത്തരം ഒരു പുണ്യഗേഹത്തിന്റെ പിൻബലവും ഇല്ല. എന്നാൽ ഇസ്‌ലാം ഇവിടെയും അതിന്റെ ദൈവികമായ അനന്യത പ്രകടമാക്കുകയും വിശുദ്ധ കഅ്ബയുടെ പ്രാധാന്യവും സ്ഥാനവും ക്വുർആനിലൂടെ മാനവരാശിയെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കഅ്ബയുടെ പ്രാധാന്യത്തെപ്പറ്റി വിശുദ്ധ ക്വുർആനിൽ ഇപ്രകാരം പറയുന്നു:




"തീർച്ചയായും മനുഷ്യർക്കുവേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധനാമന്ദിരം ബക്കയിൽ (മക്കയിൽ) ഉള്ളതത്രെ. (അത്) അനുഗൃഹീതമായും ലോകർക്ക് മാർഗദർശകമായും (നിലകൊള്ളുന്നു). അതിൽ വ്യക്തമായ ദൃഷ്ടാന്തങ്ങൾ - (വിശിഷ്യാ) ഇബ്റാഹീം നിന്ന സ്ഥലം- ഉണ്ട്. ആർ അവിടെ പ്രവേശിക്കുന്നുവോ അവൻ നിർഭയനായിരിക്കുന്നതാണ്. ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു..." (ക്വുർആൻ 3:96,97).

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിശ്വാസികൾ തിരിഞ്ഞുനിന്ന് പ്രാർഥിക്കുന്ന ദിശ കഅ്ബയുടെതാണ്. ഇത്തരം ഏകോപനത്തിന്റെതായ ഒരു ദിശാനിർണയം മറ്റു മതങ്ങളിലില്ല. കഅ്ബയുടെ നേർക്കു തിരിഞ്ഞ് അഞ്ചുനേരം പ്രാർഥിക്കുന്ന കോടിക്കണക്കിനു വിശ്വാസികൾ ആ പുണ്യസ്ഥലവും മാനവരാശിയും തമ്മിലുള്ള ബന്ധം അംഗീകരിക്കുകയും പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്. ഇത്തരത്തിൽ അതിപ്രധാനമായ ഒരു പുണ്യഗേഹത്തിന്റെ പുനർനിർമാണ പ്രവർത്തനങ്ങൾ നിർവഹിച്ച മഹാപുരുഷൻ എന്ന നിലയിൽ ഇബ്റാഹീം നബിﷺ വിശുദ്ധ ക്വുർആനിൽ പ്രശംസിക്കപ്പെട്ടിരിക്കുന്നു.

### മക്വാമു ഇബ്റാഹീം

മക്കയുടെ ചരിത്രപരവും മതപരവുമായ പ്രാധാന്യം വിശുദ്ധ ക്വുർആൻ ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ പരമപ്രധാനമായ ഹജ്ജിന്റെ സ്ഥലകാല ബന്ധിതമായ ഭൂമികയാണ് കഅ്ബയും അനുബന്ധ സ്ഥലങ്ങളും ഉൾക്കൊള്ളുന്ന മക്ക. ലോകാവസാനംവരെയുള്ള മുസ്‌ലിംകൾക്ക് അവരുടെ മതപരവും വിശ്വാസപരവുമായ മേഖലകളിൽ അവഗണിക്കാനാവാത്ത ഒരിടമെന്ന നിലയിൽ കഅ്ബയുടെ പരിസരം ഇസ്‌ലാമുമായി നിരന്തര ബന്ധം പുലർത്തുന്ന ഇടമാണ്. കഅ്ബയെ വിസ്മരിച്ചുകൊണ്ടും അവഗണിച്ചുകൊണ്ടും ഇസ്‌ലാമിന്റെ മതപരമായ സ്വത്വത്തിന് മൂർത്തഭാവം കൈവരിക്കുക സാധ്യമല്ല. ഇസ്‌ലാമിന്റെ ചരിത്രഭൂമികയിൽ അവഗണിക്കാനാവാത്ത സവിശേഷസ്ഥാനമുള്ള കഅ്ബക്കരികിൽ 'മക്വാമു ഇബ്റാഹീം' എന്ന പേരിൽ അറിയപ്പെടുന്ന ഒരു സ്മാരക സ്ഥലം ഇബ്റാഹീം നബിﷺക്ക് നൽകപ്പെട്ടിട്ടുണ്ട്. കഅ്ബാ



പുനർനിർമാണവും അതിനുശേഷമുള്ള അർഥവത്തും ചരിത്രപ്രധാനവുമായ പ്രാർഥനയും ഉൾപ്പെടുന്ന സുപ്രധാന കാര്യങ്ങൾ നിർവഹിക്കുവാൻ ഇബ്റാഹീം നബിعليه السلام ഉപയോഗപ്പെടുത്തിയ സ്ഥലമാണ് പിന്നീട് മക്വാമു ഇബ്റാഹീം എന്ന പേരിൽ പ്രസിദ്ധമായിത്തീർന്നത്. ഹജ്ജിന്നിടയിൽ മക്വാമു ഇബ്റാഹീമിൽ നിന്ന് പ്രാർഥിക്കണമെന്ന് വിശുദ്ധ ക്വുർആൻ ആവശ്യപ്പെടുന്നുണ്ട്.

"ആ ഭവനത്തെ (കഅ്ബയെ) ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലവും ഒരു സുരക്ഷിത കേന്ദ്രവുമായി നാം നിശ്ചയിച്ചതും (ഓർക്കുക). ഇബ്റാഹീം നിന്ന് പ്രാർഥിച്ച സ്ഥാനത്തെ നിങ്ങളും നമസ്കാര (പ്രാർഥനാ) വേദിയായി സ്വീകരിക്കുക" (ക്വുർആൻ 2:125).

വിശുദ്ധ കഅ്ബയും അതുൾക്കൊള്ളുന്ന പരിസരവും അവയുടെ ചരിത്രപശ്ചാത്തലവും ഭൂതകാലവുമൊക്കെ എക്കാലത്തേക്കുമായി മാനവരാശിക്കുള്ള ദൃഷ്ടാന്തങ്ങളാണെന്ന് വിശുദ്ധ ക്വുർആൻ പരിചയപ്പെടുത്തുന്നുണ്ട്. ഇബ്റാഹീം നബിعليه السلامയും അദ്ദേഹത്തിന്റെ ധന്യമായ ജീവിതവും വിശ്വാസബന്ധിതമായ ജീവിതാനുഭവങ്ങളും ബന്ധപ്പെട്ട് കിടക്കുന്നതുകൊണ്ടുകൂടിയാണ് വിശുദ്ധ ഭവനവും പരിസരവും വിശ്വാസികൾക്ക് ദൃഷ്ടാന്തങ്ങളായിത്തീരുന്നത്. കഅ്ബയുമായി ബന്ധപ്പെട്ട ചരിത്ര-വിശ്വാസ ദൃഷ്ടാന്തങ്ങളിൽ പരമപ്രധാനമായ സ്ഥാനമാണ് ഇബ്റാഹീം നബിعليه السلام നിന്ന സ്ഥലത്തിന് അഥവാ മക്വാമു ഇബ്റാഹീമിന് ക്വുർആൻ നൽകിയിട്ടുള്ളത്. കഅ്ബയുടെ ദൃഷ്ടാന്തപരമായ പ്രാധാന്യം ഊന്നിപ്പറയുന്നിടത്ത് മക്വാമു ഇബ്റാഹീമിനെക്കുറിച്ച് ക്വുർആൻ പ്രത്യേകം പരാമർശിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. ഒന്നിലധികം ഇടങ്ങളിലായി മക്വാമു ഇബ്റാഹീമിനെ പറ്റി ക്വുർആൻ പരാമർശിക്കുന്നു. 2:125ലെ പരാമർശം മുകളിൽ ഉദ്ധരിച്ചു. മറ്റൊരിടത്ത് ക്വുർആൻ പറയുന്നു: "അതിൽ (കഅ്ബയിൽ) വ്യക്തമായ ദൃഷ്ടാന്തങ്ങൾ (വിശിഷ്യാ) ഇബ്റാഹീം നിന്ന സ്ഥലം (മക്വാമു ഇബ്റാഹീം) ഉണ്ട്" (ക്വുർആൻ 3:97).

ചരിത്രത്തിൽ മറ്റൊരു പ്രവാചക ശ്രേഷ്ഠനും ഇത്തരമൊരു സ്മാരകം നൽകപ്പെട്ടതായി നാം കാണുന്നില്ല. ഇസ്ലാമിന്റെ ചരിത്രത്തിലും ആശയാദർശങ്ങളിലും സാംസ്കാരിക പൈതൃകത്തിലും ഇബ്റാഹീം നബിعليه السلامക്ക് അല്ലാഹു നൽകിയ പരിഗണനയും പ്രാധാന്യവുമാണ് ഇതിന് കാരണം. തീർച്ചയായും ഈ സവിശേഷമായ പരിഗണന അല്ലാഹു അദ്ദേഹത്തിന്നൽകിയ അനുഗ്രഹവും തെരഞ്ഞെടുപ്പുമാണെന്ന് ക്വുർആൻ വ്യക്തമാക്കിയിട്ടുമുണ്ട്.

"തീർച്ചയായും ഇബ്റാഹീം അല്ലാഹുവിന്ന് കീഴ്പെട്ട് ജീവിക്കുന്ന, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്ന ഒരു സമുദായം തന്നെയായിരുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല. അവന്റെ (അല്ലാഹുവിന്റെ) അനുഗ്രഹങ്ങൾക്ക് നന്ദികാണിക്കുന്നവനായിരുന്നു അദ്ദേഹം. അദ്ദേഹത്തെ അവൻ തെരഞ്ഞെടുക്കുകയും നേരായ പാതയിലേക്ക് നയിക്കുകയും ചെയ്തു. ഇഹലോകത്ത് അദ്ദേഹത്തിന് നാം നന്മ നൽകുകയും ചെയ്തിരിക്കുന്നു. പരലോകത്താകട്ടെ തീർച്ചയായും അദ്ദേഹം സദ്വൃത്തരുടെ കൂട്ടത്തിലായിരിക്കും. പിന്നീട്, നേർവഴിയിൽ (വ്യതിചലിക്കാതെ) നിലകൊള്ളുന്നവനായിരുന്ന ഇബ്റാഹീമിന്റെ മാർഗത്തെ പിന്തുടരണം എന്ന് നിനക്ക് ഇതാ ബോധനം നൽകിയിരിക്കുന്നു. അദ്ദേഹം ബഹുദൈവവാദികളിൽ പെട്ടവനായിരുന്നില്ല" (ക്വുർആൻ 16:120-123).



സയ്യിദ് അബ്ദുർറഹ്മാൻ കുവൈത്ത്
aburaze@gmail.com


ലേഖനം

# അന്തസ്സും ആനന്ദവും പകരുന്നതാണ് അറിവ്

അറിവു വർധിക്കുന്തോറും അന്തസ്സിന്റെയും ആനന്ദത്തിന്റെയും വിചാരങ്ങൾ ജീവിതത്തിൽ വർധിക്കുന്നുവെന്നത് ചിന്തനീയം തന്നെയാണ്. തന്റെ ജീവിതം ക്വുർആൻ പകരുന്ന അറിവിന്റെ തണലിലായിരിക്കുന്നിടത്തോളം കാലം മേൽപ്രസ്താവിക്കപ്പെട്ട രണ്ടു അനുഗ്രഹങ്ങളിൽ ഒരു വിശ്വാസി ജീവിതത്തിലുടനീളം അന്തോഷം അനുഭവിക്കുന്നു.

'നാം താങ്കളുടെ മേൽ ക്വുർആൻ അവതരിപ്പിച്ചുതന്നത് താങ്കൾ കഷ്ടപ്പെടാൻ വേണ്ടിയല്ല' എന്ന ക്വുർആൻ വചനം(20:2) നമ്മെ അറിയിക്കുന്നത് വിശുദ്ധ ക്വുർആൻ ജീവിതത്തിലെ ചില സന്താപങ്ങളുടെ കവാടം അടയ്ക്കുമ്പോൾ സന്തോഷത്തിന്റെ വാതിലുകൾ തുറന്നുവെക്കുന്നു എന്നാണ്.

വിശുദ്ധ ക്വുർആനിന്റെ അവതരണം ആരംഭിച്ചതു തന്നെ അറിവിന്റെ നിദാനവും കാരണവുമായ വായനയെപ്പറ്റി സൂചിപ്പിച്ചുകൊണ്ടാണ്. 'ഇക്വ്റഅ്'(നീ വായിക്കുക) എന്ന കൽപനയാണത്. ഒരാൾക്ക് മാത്രം ഇരിക്കാൻ വിശാലതയുള്ള ഇരുട്ടുനിറഞ്ഞ ഹിറാഗുഹയിലെ ഏകാന്തതയിൽ ഏറ്റുവാങ്ങിയ വചനങ്ങളുമായി വീട്ടിലേക്കു മടങ്ങിയ പ്രവാചകൻﷺ 23 വർഷത്തിനകം ചരിത്രത്തിൽ തുല്യതയില്ലാത്ത ഉത്തമ സമൂഹത്തെ വാർത്തെടുത്തത് ക്വുർആനികവിജ്ഞാനത്തിന്റെ വെള്ളവും വളവും നൽകിയിട്ടായിരുന്നു.




ദൈവ വിശ്വാസത്തിലധിഷ്ഠിതമായ അറിവ് മനുഷ്യനെ വാനോളം ഉയർത്തുന്നു എന്ന തിരിച്ചറിവാണ് യഥാർഥത്തിൽ ഒരു വിശ്വാസിയുടെ ജീവിതത്തെ വിജ്ഞാനത്തിന്റെ തണലിൽ ധന്യമാക്കുന്നത്. കാരണം ഇത് വാഗ്ദാനങ്ങൾ ലംഘിക്കാത്ത (ക്വുർആൻ 22:47, 30:6) സ്രഷ്ടാവിന്റെ വാഗ്ദാനമാണ്. '...നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പല പടികൾ ഉയർത്തുന്നതാണ്...' (ക്വുർആൻ: 58:11).

ഉമറി(റ)ൽ നിന്ന് നിവേദനം; നബി(ﷺ) പറഞ്ഞു: 'തീർച്ചയായും അല്ലാഹു ഈ ഗ്രന്ഥംകൊണ്ട് ചില ജനതകളെ ഉയർത്തുന്നു, മറ്റു ചിലരെ താഴ്ത്തുകയും ചെയ്യുന്നു' (മുസ്‌ലിം).

അതിലെ അറിവ് സ്വീകരിക്കാൻ തയ്യാറില്ലാത്തവരെയാണ് അവൻ താഴ്ത്തുക. അറിവും വിശ്വാസവും സമഞ്ജസമായി സമ്മേളിക്കുന്ന ജീവിതം വെല്ലുവിളികളെ അതിജീവിച്ച് ഉയരങ്ങളിലെക്ക് കുതിക്കുവാൻ സഹായിക്കുന്നതാണ്. പതിനാറാം നൂറ്റാണ്ടുവരെ ഇസ്‌ലാമികസമൂഹം ഉന്നതിയിൽ നിറഞ്ഞുനിന്നത് അവർ നേടിയിട്ടുള്ള അറിവിന്റെ വെളിച്ചവും വിശ്വാസത്തിന്റെ കരുത്തുംകൊണ്ടായിരുന്നു. ജ്ഞാനശാസ്ത്രങ്ങളിൽ അവർ ലോകത്തിനു മാതൃകയാകുകയായിരുന്നു. പ്രമുഖരായ പല ലോകചരിത്രകാരന്മാരും ചിന്തകരും ഈ യാഥാർഥ്യം ലോകത്തോട് പങ്കുവച്ചിട്ടുണ്ട്.

നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവും സാമൂഹിക, നരവംശ ശാസ്ത്രജ്ഞനുമായ ജർമൻ സർജൻ Robert Stephen Briffault (1874-1948) അദ്ദേഹത്തിന്റെ പ്രസിദ്ധഗ്രന്ഥമായ 'The Making of Humanity' (1919)യിൽ വിജ്ഞാന ലോകത്തിന് ഇസ്‌ലാം സമർപ്പിച്ച സംഭാവനകളെ ലോകത്തെ ബോധിപ്പിക്കുന്നുണ്ട്. തന്റെ ഗ്രന്ഥത്തിൽ നിരവധി പേജുകളുള്ള 'ദാറുൽ ഹിക്മ' (The home of science) എന്ന വലിയ അധ്യായം തന്നെ അദ്ദേഹം നൽകുന്നുണ്ട്.

"Science owes a great deal more to Arab culture, it owes its existence"-"അറബ് സംസ്‌കാരത്തോട് ശാസ്ത്രം വളരെയധികം കടപ്പെട്ടിരിക്കുന്നു, അത് ശാസ്ത്രത്തിന്റെ നിലനിൽപിന് കടപ്പെട്ടിരിക്കുന്നു" (The making of humanity, LONDON: George Allen & Unwin Ltd, Page: 191).

What we call science arose in Europe as a result of a new spirit of inquiry, of new methods of investigation, of the method of experiment, observation, measurement, of the development of mathematics in a form unknown to the Greeks. That spirit and those methods were introduced into the European world by the Arabs.

"ഗ്രീക്കുകാർക്ക് അന്യമായരൂപത്തിൽ ഗണിതശാസ്ത്രത്തിന്റെ നവ അന്വേഷണ പരീക്ഷണരീതികൾ, നിരീക്ഷണം, അളക്കൽ, ഗണിതശാസ്ത്രത്തിന്റെ വികാസം എന്നിവയുടെ ഫലമായി യൂറോപ്പിൽ ശാസ്ത്രം എന്ന് നാം വിളിക്കുന്നത് വളർന്നുവന്നു. പ്രസ്തുത ആത്മാവും രീതികളും യൂറോപ്യൻ ലോകത്തിനു സമർപ്പിച്ചത് അറബികളായിരുന്നു" (അതേ പുസ്തകം, പേജ് 191).

മത-ദൈവനിഷേധിയായ ബെർട്രാൻഡ് റസ്സൽ മുസ്‌ലിംകളുടെ വൈജ്ഞാനിക സംഭാവനകളെ വിലയിരുത്തുന്നുണ്ട്:

Throughout the Middle Ages. The mohammadans were more civilized and more humane than Christian.

"മധ്യകാലഘട്ടങ്ങളിൽ മുഹമ്മദന്മാർ ക്രിസ്ത്യാനികളെക്കാൾ പരിഷ്‌കൃതരും മനുഷ്യത്വമുള്ളവരുമായിരുന്നു" (A history of western philosophy By Bertand Russel, Page 324 Unwin Hymin Ltd London. 1990).

'അറബിക് തത്ത്വചിന്തകന്മാർ യഥാർഥത്തിൽ വിജ്ഞാനകോശങ്ങൾ ആയിരുന്നു' (അതേ പുസ്തകം, പേജ് 427).

അബ്ബാസിയ്യ, അമവിയ്യ കാലഘട്ടങ്ങളും സ്പെയിനും ഒട്ടോമൻ സാമ്രാജ്യവുമൊക്കെ ചില ഉദാഹരണങ്ങൾ മാത്രം. ഏത് പ്രതികൂലസാഹചര്യത്തിലും വിശ്വാസിക്ക് പറക്കാനുള്ള രണ്ടു ചിറകുകളാണ് അറിവും വിശ്വാസവും. ഇവ രണ്ടും ദുർബലമായതുമുതലാണ് ചരിത്രത്തിൽ മുസ്‌ലിം സമൂഹത്തിന്റെ അന്തസ്സും അഭിമാനവും കവർന്നെടുക്കപ്പെട്ടത്.

'അറിവ് ജീവനും ഈമാൻ രക്ഷയുമാണ്' എന്ന, നാലാം ഖലീഫയായ അലി ﷺ യുടെ പ്രസ്താവന വിശ്വാസിയുടെ ജീവിതത്തിലെന്നും കാത്തുസൂക്ഷിക്കപ്പെടേണ്ടതു തന്നെയാണ്.

യാഥാർഥ്യത്തിലേക്ക് വെളിച്ചംനൽകുന്ന അറിവാണ് മനുഷ്യനെ എന്നും ധന്യമാക്കുന്നത്. മനസ്സിന് ശാന്തതയും സ്വസ്ഥതയും പകരുന്ന സൽകർമങ്ങൾക്ക് ഊർജവും പ്രചോദനവും നൽകുന്ന അറിവുകളാണ് യഥാർഥത്തിൽ ജീവിതത്തിൽ ആനന്ദം പകരുന്നതും അറിവിന്റെ ലോകത്തു വ്യതിരിക്തമാകുന്നതും. വിശുദ്ധ ക്വുർആൻ പറയുന്നു:

"അതല്ല, പരലോകത്തെ പറ്റി ജാഗ്രതപുലർത്തുകയും, തന്റെ രക്ഷിതാവിന്റെ കാരുണ്യം ആശിക്കുകയും ചെയ്തുകൊണ്ട് സാഷ്ടാംഗം ചെയ്തും നിന്നുപ്രാർഥിച്ചും രാത്രിസമയങ്ങളിൽ കീഴ്വണക്കം ചെയ്യുന്നവനോ (അതല്ല സത്യനിഷേധിയോ ഉത്തമൻ?) പറയുക: അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? ബുദ്ധിമാൻമാർ മാത്രമെ ആലോചിച്ചുമനസ്സിലാക്കുകയുള്ളൂ" (ക്വുർആൻ 39:9).

കേവല ഭൗതികവിജ്ഞാനങ്ങളെ മാത്രം അറിവിന്റെ ലോകത്തു പരിമിതപ്പെടുത്തി ആത്മീയ വിജ്ഞാനങ്ങൾക്ക് അയിത്തം കൽപിക്കുന്ന മതവിശ്വാസികൾ ഏറെ ആലോചിക്കേണ്ട വചനമാണിത്.

കാരുണ്യവാനായ പ്രപഞ്ചനാഥനെ അറിയുകയും പരലോകവിജീവിതത്തിൽ ഉറച്ചുവിശ്വസിക്കുകയും രാത്രിയുടെ യാമങ്ങളിൽ പോലും തന്റെ രക്ഷിതാവിനെ ആരാധിച്ചും വണങ്ങിയും അവന്റെ കാരുണ്യത്തിൽ പ്രതീക്ഷവച്ചും ലഭിക്കുന്ന അനുഭൂതിപകരുന്ന ആത്മീയ അറിവ് ലഭിച്ചവരും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം പഠിപ്പിക്കുന്ന ഈ വചനം ആത്മീയ ജ്ഞാനത്തിന്റെ അനന്തമായ ഫലങ്ങളിലേക്കു വെളിച്ചംവീശുന്നു.

അറിവ് പകരുന്ന അനുഭൂതികൾ സംബന്ധിച്ച് ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നു: 'അത് (അറിവ്) ഹൃദയത്തിന്റെ ജീവനാണ്. ഉൾക്കാഴ്ചകൾക്കു വെളിച്ചമാണ്. നെഞ്ചുകളനുഭവിക്കുന്നതിന്റെ ശമനമാണ്. ബുദ്ധിയുടെ പൂന്തോട്ടമാണ്. ആത്മാക്കളുടെ ആനന്ദമാണ്' (മദാരിജുസ്സാലികീൻ).

കേവലം ബൗദ്ധിക, ഭൗതിക അറിവുകൾകൊണ്ട് നേടിയെടുക്കാൻ കഴിയുന്ന അനുഭവതലമല്ല ഇത്, പ്രത്യുത ശരിയായ പ്രമാണങ്ങളുടെ വെളിച്ചത്തിൽ ഒരു വിശ്വാസി ആർജിച്ചെടുക്കുന്ന ആത്മീയജ്ഞാനം അവന്റെ ജീവിതത്തിന് സമർപ്പിക്കുന്ന സമ്മാനമാണ്.

മനുഷ്യമനസ്സിന്റെ നിയതവും സന്തുലിതവുമായ നിലനിൽപിനും ആത്മീയജ്ഞാനം ഏറെ കരുത്തു പകരുന്നുവെന്നാണ് മനഃശാസ്ത്ര പഠനങ്ങൾ തെളിയിക്കുന്നത്. ഇമാം ഗസ്സാലി പറയുന്നു: 'ശരീരത്തിന് ഭക്ഷണമെന്നപോലെ ഹൃദയത്തിന്റെ പോഷകാഹാരം അറിവും തത്ത്വജ്ഞാനവുമാണ്. അറിവ് ലഭ്യമായില്ലെങ്കിൽ ഹൃദയം രോഗിയാകുന്നു. അതിന്റെ മരണം സുനിശ്ചിതവുമാണ്. എന്നാൽ മനുഷ്യൻ അതറിയുന്നില്ലെന്നതാണ് വസ്തുത' (ഇഹ്‌യാ ഉലൂമിദ്ദീൻ).



ആത്മീയചിന്തകൾ വളർത്തുന്ന വിജ്ഞാനങ്ങളെന്നും ഒരു മനുഷ്യന്റെ ജീവിതയാത്രയിലെ കൂട്ടുകാരനെപ്പോലെയാണ്. അവനു തുണയും അനുഭൂതിയും പകരുന്നത് അവൻ നേടിയിട്ടുള്ള ഇത്തരം അറിവുകളാണ്.



ഇമാം ഇബ്നുൽ ക്വയ്യിം(റഹി) എഴുതുന്നു: 'അത് (അറിവ്) ഇമാമും (മുന്നിൽനിൽക്കുന്നത്) പ്രവർത്തനം (അമൽ) പിൻനിരക്കാരനും ആകുന്നു. അറിവ് നായകനും പ്രവർത്തനം അനുയായിയുമാകുന്നു. അറിവ് പ്രവാസത്തിലെ സുഹൃത്താണ്. ഏകാന്ധതയിലെ കൂട്ടുകാരനാണ്. സംശയങ്ങളുടെ ദൂരീകരണമാണ്. ഈ നിധി സമ്പാദിക്കുന്നത് ഐശ്വര്യമാണ്' (മദാരിജുസ്സാലികീൻ).

അറിവുനുകരാൻ പ്രവാചകസന്നിധിയിൽ വന്ന അനുചരനായ സ്വഫ്വാനുബ്നു ഗസ്സാലുൽ മുറാദിയോട് നബിﷺ 'അറിവ് അന്വേഷിക്കുന്നവനേ, താങ്കൾക്കു സ്വാഗതം! വിദ്യയന്വേഷിക്കുന്നവനെ എന്നും മലക്കുകൾ സ്നേഹത്താൽ പൊതിയുന്നു. അവയുടെ ചിറകുകൾകൊണ്ട് അവനു തണൽ നൽകുന്നു'വെന്നു പറഞ്ഞത് (അഹ്മദ്/ത്വബ്റാനി; അൽബാനി ഹസനെന്നു പറഞ്ഞ ഹദീഥ്) ഒരു വിശ്വാസിക്കെന്നും അറിവിന്റെ പ്രാധാന്യത്തെയും ഗുണത്തെപ്പറ്റിയും നൽകപ്പെട്ടിട്ടുള്ള വിലപ്പെട്ട പാഠമാണ്. മാത്രമല്ല അറിവിന്റെ മാർഗത്തിൽ പ്രവേശിച്ചവർക്ക് മലക്കുകളുടെ സംരക്ഷണം പോലുമുണ്ടാകുമെന്ന് ഈ വചനം അറിയിക്കുന്നു.

അറിവിനെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള മുൻകാല ഇസ്‌ലാമിക പണ്ഡിതരുടെ അധ്യാപനങ്ങൾ സമുദായം എന്നെന്നും നെഞ്ചിലേറ്റേണ്ടതാണ്.

'അറിവിനോടുള്ള സംവേദനം സ്തോത്രമാണ്. അതിന്റെ ഗവേഷണം ധർമസമരമാണ്. അത് അന്വേഷിക്കൽ ദൈവസാമീപ്യമാണ്. അതിന്നു ചെലവിടുന്നതെന്തും ദാനധർമമാണ്. അതിലേക്കുള്ള ആവശ്യം ഭക്ഷണ പാനീയങ്ങളെക്കാളും മഹത്തരമാണ്' (ഇബ്നുൽ ക്വയ്യിം-മദാരിജുസ്സാലികീൻ).

അറിവ് അന്വേഷിക്കൽ ഓരോ മുസ്‌ലിമിന്റെയും മേൽ നിർബന്ധമാണെന്ന പ്രവാചക വചനം (ഇബ്നുമാജ, ത്വബ്റാനി, അൽബാനി സ്വഹീഹാക്കിയത്) അറിവ് മുസ്‌ലിമിന്റെ നിലനിൽപിന്റെ കൂടി ആധാരമാണെന്നും ഈ ബാധ്യത നിർവഹിച്ചില്ലെങ്കിൽ അവൻ പരാജിതനാകുമെന്നും പഠിപ്പിക്കുന്നു.

മതവിജ്ഞാനങ്ങൾ ജീവിതത്തോട് ചേർത്തുവെക്കുന്ന വിഷയമായി മാറുമ്പോഴാണ് അവ നമുക്ക് വെളിച്ചമായി മാറുന്നത്. അല്ലാത്തപക്ഷം ഏത്ര ഭൗതിക വിദ്യാഭ്യാസം നേടിയാലും പ്രപഞ്ചനാഥന്റെ ദൃഷ്ടിയിൽ അവരുടെ ജീവിതം ഇരുളടഞ്ഞതാണ്. ആത്മീയചിന്തയുടെ പ്രകാശം ലഭിക്കാത്ത ജീവിതങ്ങൾ പ്രതിസന്ധികളിൽ, പരീക്ഷണങ്ങളിൽ തളർന്നുവീഴുന്ന വൻമരങ്ങളായി മാറുന്നു.

"നിർജീവാവസ്ഥയിലായിരിക്കെ നാം ജീവൻ നൽകുകയും, നാം ഒരു (സത്യ)പ്രകാശം നൽകിയിട്ട് അതുമായി ജനങ്ങൾക്കിടയിലൂടെ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നവന്റെ അവസ്ഥ, പുറത്ത് കടക്കാനാകാത്ത വിധം അന്ധകാരങ്ങളിൽ അകപ്പെട്ട അവസ്ഥയിൽ കഴിയുന്നവന്റേത് പോലെയാണോ?"(ക്വുർആൻ 6:122)

ഈ വചനത്തിൽ 'പ്രകാശം' എന്ന് പരാമർശിച്ചിരിക്കുന്നത് വേദഗ്രന്ഥം വിഭാവനചെയ്യുന്ന മാർഗദർശനത്തെയാണ്.

"മനുഷ്യരേ, നിങ്ങൾക്കിതാ നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള ന്യായപ്രമാണം വന്നുകിട്ടിയിരിക്കുന്നു. വ്യക്തമായ ഒരു പ്രകാശം നാമിതാ നിങ്ങൾക്ക് ഇറക്കിത്തന്നിരിക്കുന്നു" (ക്വുർആൻ 4:174).

മതവിജ്ഞാനം അല്ലാഹു ഹൃദയത്തിൽ ഇട്ടുതരുന്ന ദൈവിക പ്രകാശമാണ്. അത് വർധിക്കുന്തോറും മനസ്സിന്റെ ശോഭ വർധിക്കുന്നു. അതു കുറയുന്തോറും മനസ്സിൽ ഇരുട്ട് വ്യാപിക്കുന്നു. ഭൗതിക ജീവിത വ്യവഹാരങ്ങളിൽ വിശാലതയുണ്ടെങ്കിലും മനസ്സ് ഇടുങ്ങിപ്പോകുക മാത്രമല്ല, യഥാർഥ ജീവിതത്തിന്റെ വിശാലത പോലും കുറഞ്ഞു പോകും.

"എന്റെ ഉൽബോധനത്തെ വിട്ട് വല്ലവനും തിരിഞ്ഞുകളയുന്നപക്ഷം തീർച്ചയായും അവന്ന് ഇടുങ്ങിയ ഒരു ജീവിതമാണുണ്ടായിരിക്കുക" (ക്വുർആൻ 20:124).

ഐഹികജീവിതത്തിലെ ആനന്ദത്തിന്നു മാത്രമല്ല, സുരക്ഷിതത്വത്തിനും പരലോകജീവിതത്തിലെ മോക്ഷത്തിന്നും ഉപകരിക്കുന്ന ഈമാനിന്റെ ചേരുവയുള്ള അറിവുകളാകട്ടെ നമ്മുടെയും വരുംതലമുറയുടെയും സമ്പാദ്യം.

അബ്ദുൽ ജബ്ബാർ മദീനി
abduljabbaricc@gmail.com

ലേഖനം

ഇസ്‌ലാം പഠിപ്പിക്കുന്ന ഉത്തമ സ്വഭാവങ്ങൾ: 26



# വിട്ടുവീഴ്ച

തങ്ങളോടു ചെയ്തുപോയ തെറ്റുകൾ മാപ്പാക്കലും അതിൽ ശിക്ഷ ഒഴിവാക്കലും മഹത്തുകളുടെ ശീലവും മഹദ്ഗുണവുമാണ്. പ്രതികാര നടപടിയെടുക്കുവാൻ കഴിവുണ്ടായിട്ടും ഔദാര്യമനസ്കനായി തന്റെ അവകാശം ഒഴിവാക്കി മാപ്പുനൽകലാണ് മാന്യതയും മഹത്ത്വവും സ്തുത്യർഹവും. വിട്ടുവീഴ്ച ചെയ്യുവാൻ ആഹ്വാനമുള്ള വിശുദ്ധ വചനങ്ങൾ ധാരാളമാണ്:

"എന്നാൽ (ഭർത്താക്കൻമാരേ,) നിങ്ങൾ വിട്ടുവീഴ്ച ചെയ്യുന്നതാണ് ധർമനിഷ്ഠയ്ക്ക് കൂടുതൽ യോജിച്ചത്. നിങ്ങൾ അന്യോന്യം ഔദാര്യം കാണിക്കാൻ മറക്കരുത്" (ക്വുർആൻ 2:237).

"...അവർ മാപ്പുനൽകുകയും വിട്ടുവീഴ്ചകാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 24:22).

## മാപ്പേകുന്നതിന്റെ മഹത്ത്വം

"...എന്നാൽ ആരെങ്കിലും മാപ്പുനൽകുകയും രഞ്ജിപ്പുണ്ടാക്കുകയും ആണെങ്കിൽ അവനുള്ള പ്രതിഫലം അല്ലാഹുവിന്റെ ബാധ്യതയിലാകുന്നു. തീർച്ചയായും അവൻ അക്രമം പ്രവർത്തിക്കുന്നവരെ ഇഷ്ടപ്പെടുകയില്ല" (ക്വുർആൻ 42:40).

"...ധർമനിഷ്ഠ പാലിക്കുന്നവർക്കു വേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത് (സ്വർഗം). (അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയിലും ദാനധർമങ്ങൾ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യർക്ക് മാപ്പുനൽകുകയും ചെയ്യുന്നവർക്കുവേണ്ടി. (അത്തരം) സൽകർമകാരികളെ അല്ലാഹു സ്നേഹിക്കുന്നു" (ക്വുർആൻ 3:133,134).

"സത്യവിശ്വാസികളേ, തീർച്ചയായും നിങ്ങളുടെ ഭാര്യമാരിലും നിങ്ങളുടെ മക്കളിലും നിങ്ങൾക്ക് ശത്രുവുണ്ട്. അതിനാൽ അവരെ നിങ്ങൾ സൂക്ഷിച്ചുകൊള്ളുക. നിങ്ങൾ മാപ്പുനൽകുകയും വിട്ടുവീഴ്ച

കാണിക്കുകയും പൊറുത്തുകൊടുക്കുകയും ചെയ്യുന്ന പക്ഷം തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു" (ക്വുർആൻ 42:40)

വിട്ടുവീഴ്ച ചെയ്യുവാനും പൊറുക്കുവാനും മാപ്പരുളുവാനും പ്രവാചകമൊഴികളിലും ആഹ്വാനങ്ങളുണ്ട്. അതിന്റെ മഹത്ത്വങ്ങളും തിരുമൊഴികൾ അറിയിക്കുന്നുണ്ട്. അബ്ദുല്ലാഹ് ഇബ്നുഅംറി(റ)ൽ നിന്ന് നിവേദനം. തിരുദൂതർ(സ) പറഞ്ഞു:

"നിങ്ങൾ കരുണ കാണിക്കുക; നിങ്ങൾക്ക് കരുണ നൽകപ്പെടും. നിങ്ങൾ പെറുക്കുക; നിങ്ങൾക്കും പൊറുക്കപ്പെടും"(ബുഖാരി, അദബുൽമുഫ്റദ്. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

അബ്ദുർറഹ്മാൻ ഇബ്നുഔഫി(റ)ൽനിന്ന് നിവേദനം. തിരുദൂതർ(സ) പറഞ്ഞു: "അല്ലാഹുവാണേ, മൂന്നു കാര്യങ്ങളിൽ ഞാൻ സത്യം ചെയ്യുന്നവനാണ്. ദാനധർമം ഒരു സ്വത്തും കുറച്ചിട്ടില്ല; അതിനാൽ നിങ്ങൾ ധർമം ചെയ്യുക. അല്ലാഹുവിന്റെ വജ്ഹ് ഉദ്ദേശിച്ച് ഒരു ദാസനും ഒരു അന്യായത്തിനു മാപ്പരുളിയിട്ടില്ല; അതിനാൽ അവന്ന് അന്ത്യനാളിൽ അല്ലാഹു ഉയർച്ച നൽകാതെ. ഒരു വ്യക്തി തനിക്കായി യാചനയുടെ കവാടം തുറന്നാൽ അല്ലാഹു അവന്ന് ദാരിദ്രത്തിന്റെ കവാടം തുറക്കുകതന്നെ ചെയ്യും" (മുസ്നദു അബീയഅ്ലാ).

അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. തിരുദൂതർ(സ) പറഞ്ഞു: "ദാനധർമം ഒരു സ്വത്തും കുറച്ചിട്ടില്ല. വിട്ടുവീഴ്ച കാണിച്ചതിനാൽ അല്ലാഹു ഒരു ദാസനും പ്രതാപമല്ലാതെ വർധിപ്പിച്ചിട്ടുമില്ല. അല്ലാഹുവിന്നായി ഒരാളും വിനയം കാണിച്ചിട്ടില്ല; അവന്ന് അല്ലാഹു ഉയർച്ച നൽകാതെ."

തിരുനബി(സ)യോട് അല്ലാഹു സ്വഫ്ഹും (വിട്ടുവീഴ്ച) അഫ്വും (മാപ്പ്) കൊണ്ട് കൽപിച്ചു.

"അവർ-അൽപം ചിലരൊഴികെ- നടത്തിക്കൊണ്ടിരിക്കുന്ന വഞ്ചന (മേലിലും) നീ കണ്ടുകൊണ്ടിരിക്കും. എന്നാൽ അവർക്ക് നീ മാപ്പുനൽകുകയും അവരോട് വിട്ടുവീഴ്ച കാണിക്കുകയും ചെയ്യുക. അല്ലാഹു, നല്ലനിലയിൽ വർത്തിക്കുന്നവരെ തീർച്ചയായും ഇഷ്ടപ്പെടും" (ക്വുർആൻ 05:13).

"അതിനാൽ നീ അവരെ വിട്ടു തിരിഞ്ഞുകളയുക. സലാം എന്ന് പറയുകയും ചെയ്യുക. അവർ വഴിയെ അറിഞ്ഞുകൊള്ളും" (ക്വുർആൻ 43:89).

സ്വഫ്ഹുൻ ജമീലുകൊണ്ടും അല്ലാഹു തിരുനബി(സ)യോട് കൽപിച്ചിരിക്കുന്നു. ആക്ഷേപിച്ചവനോട് യാതൊരു ആക്ഷേപവുമില്ലാതെ വിട്ടുവീഴ്ച ചെയ്യലാണ് സ്വഫ്ഹുൻ ജമീൽ.

"അതിനാൽ നീ ഭംഗിയായി മാപ്പുചെയ്ത് കൊടുക്കുക. തീർച്ചയായും നിന്റെ രക്ഷിതാവ് എല്ലാം സൃഷ്ടിക്കുന്നവനും എല്ലാം അറിയുന്നവനുമാകുന്നു" (ക്വുർആൻ 15:85,86).

വിട്ടുവീഴ്ചയുടെ വിഷയത്തിൽ ഏതാനും സംഭവങ്ങൾ ഇവിടെ ശ്രദ്ധേയമാണ്:

"ഒരു വ്യക്തി തിരുനബി(സ)യുടെ അടുക്കൽ വന്നു. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഒരു ഭൃത്യന് നമ്മൾ എത്ര തവണ മാപ്പരുളണം?' തിരുമേനി(സ) മൗനം ഭജിച്ചു. ആഗതൻ സംസാരം ആവർത്തിച്ചു. അപ്പോഴും തിരുമേനി മൗനം ഭജിച്ചു. ആഗതൻ മൂന്നാമതും ചോദിച്ചപ്പോൾ തിരുമേനി പറഞ്ഞു: 'എല്ലാ ദിവസവും ഭൃത്യന് എഴുപതു തവണ നിങ്ങൾ മാപ്പരുളുക" (സുനനുത്തുർമുദി. അൽബാനി സ്വഹീഹെന്ന് വിശേഷിപ്പിച്ചു).

ആഇശ(റ)യെ കുറിച്ച് അപവാദ പ്രചരണം നടത്തിയവരിൽ പെട്ട വ്യക്തിയായിരുന്നു മിസ്ത്വഹ് ഇബ്നുഅഥാഥ. മിസ്ത്വഹ് അഗതിയും ആഇശ(റ)യുടെ പിതാവ് അബൂബകറി(റ)ന്റെ ബന്ധുവുമായിരുന്നു. അപവാദ പ്രചരണത്തെ തുടർന്ന് അല്ലാഹുവിൽ സത്യം ചെയ്ത് ഉറപ്പിച്ചുകൊണ്ട് അബൂബകർ(റ) മിസ്തഹിന് ചെലവിനു നൽകുകയില്ലെന്ന് തീർത്തു പറഞ്ഞു. അപ്പോൾ അല്ലാഹു താഴെ വരുന്ന വചനം അവതരിപ്പിച്ചു:

"നിങ്ങളുടെ കൂട്ടത്തിൽ ശ്രേഷ്ഠതയും കഴിവുമുള്ളവർ കുടുംബബന്ധമുള്ളവർക്കും സാധുക്കൾക്കും അല്ലാഹുവിന്റെ മാർഗത്തിൽ സ്വദേശം വെടിഞ്ഞു വന്നവർക്കും ഒന്നും കൊടുക്കുകയില്ലെന്ന് ശപഥം ചെയ്യരുത്. അവർ മാപ്പുനൽകുകയും വിട്ടുവീഴ്ച കാണിക്കുകയും ചെയ്യട്ടെ. അല്ലാഹു നിങ്ങൾക്ക് പൊറുത്തുതരാൻ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ? അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 42:40).

ഉടൻ അബൂബകർ(റ) പ്രഖ്യാപിച്ചു: 'അതെ. അല്ലാഹുവാണേ സത്യം, തീർച്ചയായും ഞാൻ എനിക്ക് പൊറുത്തുതരുവാൻ ഇഷ്ടപ്പെടുന്നു.'

അങ്ങനെ അദ്ദേഹം മിസ്ത്വഹി(റ)നു ചെലവിനു നൽകിയിരുന്നത് വീണ്ടും നൽകിത്തുടങ്ങി. അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണേ സത്യം, ഞാൻ ഒരിക്കലും അദ്ദേഹത്തിനുള്ള ജീവിതച്ചെലവ് നൽകാതിരിക്കില്ല.'

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം

അധ്യായം: 63, ഭാഗം: 2

# മുനാഫിഖൂൻ (കപടവിശ്വാസികൾ)

(മദീനയിൽ അവതരിച്ചത്)

وَإِذَا قِيلَ لَهُمْ تَعَالَوْاْ يَسْتَغْفِرْ لَكُمْ
رَسُولُ ٱللَّهِ لَوَّوْاْ رُءُوسَهُمْ وَرَأَيْتَهُمْ يَصُدُّونَ
وَهُم مُّسْتَكْبِرُونَ ﴿٥﴾
سَوَآءٌ عَلَيْهِمْ أَسْتَغْفَرْتَ لَهُمْ أَمْ لَمْ
تَسْتَغْفِرْ لَهُمْ لَن يَغْفِرَ ٱللَّهُ لَهُمْ إِنَّ ٱللَّهَ لَا
يَهْدِى ٱلْقَوْمَ ٱلْفَٰسِقِينَ ﴿٦﴾
هُمُ ٱلَّذِينَ يَقُولُونَ لَا تُنفِقُواْ عَلَىٰ مَنْ
عِندَ رَسُولِ ٱللَّهِ حَتَّىٰ يَنفَضُّواْ وَلِلَّهِ
خَزَآئِنُ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَلَٰكِنَّ
ٱلْمُنَٰفِقِينَ لَا يَفْقَهُونَ ﴿٧﴾
يَقُولُونَ لَئِن رَّجَعْنَآ إِلَى ٱلْمَدِينَةِ
لَيُخْرِجَنَّ ٱلْأَعَزُّ مِنْهَا ٱلْأَذَلَّ وَلِلَّهِ
ٱلْعِزَّةُ وَلِرَسُولِهِۦ وَلِلْمُؤْمِنِينَ وَلَٰكِنَّ
ٱلْمُنَٰفِقِينَ لَا يَعْلَمُونَ ﴿٨﴾

5. നിങ്ങൾ വരൂ. അല്ലാഹുവിന്റെ ദൂതൻ നിങ്ങൾക്ക് വേണ്ടി പാപമോചനത്തിന് പ്രാർഥിച്ചുകൊള്ളും എന്ന് അവരോട് പറയപ്പെട്ടാൽ അവർ അവരുടെ തലതിരിച്ചുകളയും. അവർ അഹങ്കാരം നടിച്ചു കൊണ്ട് തിരിഞ്ഞുപോകുന്നതായി നിനക്ക് കാണുകയും ചെയ്യാം.

6. നീ അവർക്ക് വേണ്ടി പാപമോചനത്തിന് പ്രാർഥിച്ചാലും പ്രാർഥിച്ചിട്ടില്ലെങ്കിലും അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു. അല്ലാഹു ഒരിക്കലും അവർക്കു പൊറുത്തുകൊടുക്കുകയില്ല. തീർച്ചയായും അല്ലാഹു ദുർമാർഗികളായ ജനങ്ങളെ നേർവഴിയിലാക്കുകയില്ല.

7. അല്ലാഹുവിന്റെ ദൂതന്റെ അടുക്കലുള്ളവർക്ക് വേണ്ടി, അവർ (അവിടെനിന്ന്) പിരിഞ്ഞു പോകുന്നത് വരെ നിങ്ങൾ ഒന്നും ചെലവ് ചെയ്യരുത് എന്ന് പറയുന്നവരാകുന്നു അവർ. അല്ലാഹുവിന്റെതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും ഖജനാവുകൾ. പക്ഷേ, കപടൻമാർ കാര്യം ഗ്രഹിക്കുന്നില്ല.

8. അവർ പറയുന്നു; ഞങ്ങൾ മദീനയിലേക്ക് മടങ്ങിച്ചെന്നാൽ കൂടുതൽ പ്രതാപമുള്ളവർ നിന്ദ്യരായുള്ളവരെ പുറത്താക്കുക തന്നെ ചെയ്യുമെന്ന്. അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം. പക്ഷേ, കപടവിശ്വാസികൾ (കാര്യം) മനസ്സിലാക്കുന്നില്ല.

5). (അവരോട് പറയപ്പെട്ടാൽ) ഈ കപടന്മാരോട്. (നിങ്ങൾ വരൂ, അല്ലാഹുവിന്റെ ദൂതൻ നിങ്ങൾക്കു വേണ്ടി പാപമോചനത്തിനു വേണ്ടി പ്രാർഥിച്ചു കൊള്ളും) നിങ്ങളിൽനിന്ന് സംഭവിച്ചുപോയതിനും നിങ്ങളുടെ അവസ്ഥ നന്നാക്കുവാനും നിങ്ങളുടെ പ്രവർത്തനങ്ങൾ സ്വീകരിക്കപ്പെടാനും. അതിനവർ ശക്തമായി വിസമ്മതിച്ചു. (അവർ അവരുടെ തല തിരിച്ച് കളയുകയും) പ്രവാചകനോട് പ്രാർഥന ആവശ്യപ്പെടാനുള്ള വിസമ്മതത്താൽ.

(തിരിഞ്ഞ് പോകുന്നവരായി നിനക്ക് കാണാം) സത്യത്തിൽനിന്ന്; അതിനോടുള്ള പകയാൽ. (അവർ അഹങ്കാരം നടിച്ചുകൊണ്ട്) ധിക്കാരവും അതിക്രമവും കാരണം അദ്ദേഹത്തെ പിൻപറ്റുന്നതിൽ നിന്ന്. പ്രവാചകന്റെ പ്രാർഥന ആവശ്യപ്പെടാൻ അവരോട് പറഞ്ഞാൽ അവരുടെ അവസ്ഥ ഇതാണ്. അവർ വരുകയോ അവർക്കുവേണ്ടി പാപമോചനത്തിനു തേടുകയോ ചെയ്തില്ലെങ്കിലും ഇത് പ്രവാചകനോടുള്ള അല്ലാഹുവിന്റെ ആദരവും സ്നേഹവുമാണ്.

6). (നീ അവർക്ക് വേണ്ടി പാപമോചനത്തിനു പ്രാർഥിച്ചാലും പ്രാർഥിച്ചില്ലെങ്കിലും അവരെ സംബന്ധിച്ചിടത്തോളം സമമാകുന്നു. അല്ലാഹു ഒരിക്കലും അവർക്ക് പൊറുത്തുകൊടുക്കുകയില്ല) കാരണം അവർ അധർമകാരികളായ ജനതയാണ്. അല്ലാഹുവിനെ അനുസരിക്കാത്തവരും വിശ്വാസത്തെക്കാളും അവിശ്വാസത്തിന് പ്രാധാന്യം നൽകുന്നവരുമാണ്. അതിനാലവർക്ക് പ്രവാചകന്റെ പാപമോചനം ഫലപ്പെടില്ല. അദ്ദേഹം അവർക്ക് പാപമോചനത്തിനു വേണ്ടി തേടിയാലും.

ٱسْتَغْفِرْ لَهُمْ أَوْ لَا تَسْتَغْفِرْ لَهُمْ إِن تَسْتَغْفِرْ
لَهُمْ سَبْعِينَ مَرَّةً فَلَن يَغْفِرَ ٱللَّهُ لَهُمْ

"(നബിയേ), നീ അവർക്കുവേണ്ടി പാപമോചനം തേടിക്കൊള്ളുക. അല്ലെങ്കിൽ അവർക്കുവേണ്ടി പാപമോചനം തേടാതിരിക്കുക. നീ അവർക്കു വേണ്ടി എഴുപത് പ്രാവശ്യം പാപമോചനം തേടിയാലും അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുകയില്ല" (9:80).

7). നബിﷺയോടും മുസ്‌ലിംകളോടുമുള്ള അവരുടെ ശത്രുതയുടെ കാഠിന്യമാണിത്. സ്വഹാബത്തിന്റെ കൂടിച്ചേരലും ഇണക്കവും നബിﷺയുടെ തൃപ്തിക്കുവേണ്ടിയുള്ള അവരുടെ മത്സരവും കണ്ടപ്പോൾ അവരുടെ തെറ്റായ വാദം അവർ പ്രഖ്യാപിച്ചു.

(അല്ലാഹുവിന്റെ ദൂതന്റെ അടുക്കലുള്ളവർക്ക് വേണ്ടി അവർ (അവിടെ നിന്ന്) പിരിഞ്ഞുപോകുന്നതു വരെ നിങ്ങൾ-ഒന്നും-ചെലവ് ചെയ്യരുത്). കാരണം അവർ വിചാരിക്കുന്നത് കപടവിശ്വാസികളുടെ പണവും ദാനങ്ങളും ഇല്ലെങ്കിൽ അല്ലാഹുവിന്റെ ദീനിനെ സഹായിക്കാൻ സ്വഹാബത്ത് ഒന്നിച്ചുനിൽക്കുകയില്ല എന്നാണ്.

ഇത് വലിയൊരു അത്ഭുതമാണ്; ഇസ്‌ലാമിനെ നശിപ്പിക്കാൻ മുസ്‌ലിംകളെ ഉപദ്രവിക്കുകയും അതിയായി താൽപര്യം കാണിക്കുകയും ചെയ്യുന്ന കപടവിശ്വാസികൾ ഇങ്ങനെ വാദിക്കുന്നത്. വസ്തുതകൾ അറിയാത്തവരിൽ മാത്രമെ ഇത്തരം വാദങ്ങൾ ചെലവാകുകയുള്ളൂ. അവർക്ക് മറുപടിയായി അല്ലാഹു പറയുന്നു: (അല്ലാഹുവിന്റേതാകുന്നു ആകാശങ്ങളിലെയും ഭൂമിയിലെയും ഖജനാവുകൾ) അതിനാൽ അല്ലാഹു ഉദ്ദേശിക്കുന്നവർക്കവൻ ഉപജീവനം നൽകും. അവനുദ്ദേശിച്ചവർക്ക് തടയുകയും ചെയ്യുന്നു. ഉദ്ദേശിക്കുന്നവർക്കവൻ കാരണങ്ങൾ സൗകര്യപ്പെടുത്തുകയും അവനുദ്ദേശിക്കുന്നവർക്ക് പ്രയാസകരമാക്കുകയും ചയ്യും.

(പക്ഷേ, കപടന്മാർ കാര്യം ഗ്രഹിക്കുന്നില്ല) അതുകൊണ്ടാണ് അങ്ങനെയൊക്കെ അവർ പറയുന്നത്. അവരുടെ വാക്കിലുള്ളത് ഉപജീവനത്തിന്റെ ഖജനാവുകൾ. അവരുടെ കൈകളിലും അവരുദ്ദേശിക്കുന്നതിനനുസരിച്ചുമാണെന്നാണ്.

8). (അവർ പറയുന്നു, ഞങ്ങൾ മദീനയിലേക്ക് മടങ്ങിച്ചെന്നാൽ കൂടുതൽ പ്രതാപമുള്ളവർ നിന്ദ്യരായുള്ളവരെ പുറത്താക്കുക തന്നെ ചെയ്യുമെന്ന്) മുറൈസീഅ് യുദ്ധത്തിലാണത്. മുഹാജിറുകൾക്കും അൻസ്വാരികൾക്കുമിടയിൽ ചില സംസാരങ്ങളും ആശയക്കുഴപ്പങ്ങളുമുണ്ടായി. അന്നേരം കപടന്മാരുടെ കാപട്യം പുറത്തുവന്നു. മനസ്സിലുള്ളത് വ്യക്തമാകുകയും ചെയ്തു.

അവരുടെ നേതാവ് അബ്ദുല്ലാഹിബ്നു ഉബയ്യുബ്നുസുലൽ പറഞ്ഞു: 'നമ്മുടെയും ഇവരുടെയും (മുഹാജിറുകളുടെയും) ഉപമ ആരോ പറഞ്ഞത് പോലെയാണ്: (നിന്റെ നായക്ക് നീ നന്നായി തീറ്റകൊടുക്കുക; അത് നിന്നെ തിന്നുകൊള്ളും). അവൻ പറഞ്ഞു: മദീനയിലേക്ക് നമ്മൾ മടങ്ങിയാൽ (കൂടുതൽ പ്രതാപമുള്ളവർ നിന്ദ്യരായുള്ളവരെ പുറത്താക്കുക തന്നെ ചെയ്യും) അവന്റെ വാദപ്രകാരം അവനും അവന്റെ കൂട്ടുകാരായ കപടന്മാരുമാണ് പ്രതാപികൾ. റസൂലും അനുയായികളും നിന്ദ്യരും. എന്നാൽ കാര്യം ഈ കപടൻ പറഞ്ഞതിനു നേർവിപരീതമാണ്.

അതാണ് അല്ലാഹു പറഞ്ഞത്: (അല്ലാഹുവിനും അവന്റെ ദൂതനും സത്യവിശ്വാസികൾക്കുമാകുന്നു പ്രതാപം) അവരാണ് പ്രതാപികൾ. കപടന്മാരും സത്യനിഷേധികളായ അവരുടെ കൂട്ടുകാരും നിന്ദ്യന്മാർ തന്നെയാണ്.

(കപടവിശ്വാസികൾ കാര്യം മനസ്സിലാക്കുന്നില്ല) അതുകൊണ്ടാണവർ പ്രതാപികളാണെന്ന് വാദിക്കുന്നത്. അവരുടെ തെറ്റായ നിലപാടിൽ അവർ വഞ്ചിതരായതാണ്. ●

വി.ടി അബ്ദുസ്സലാം
salamvtkrp@gmail.com



# സങ്കടപ്പുഴയിൽ നീന്തുന്നവർ

സങ്കടങ്ങൾ അങ്ങനെയാണ്; ഉള്ള പോലെയൊന്നും ആർക്കും പറഞ്ഞുകൊടുക്കാനാവില്ല. കേട്ട പോലെയൊന്നും ആർക്കും അത് മനസ്സിലാക്കാനുമാവില്ല.

നമ്മുടെ ശബ്ദകോലാഹലങ്ങളെല്ലാം അടങ്ങി, വിഷാദം വിരിച്ചുവെച്ച മൗനത്തിന്റെ മടിയിലേക്ക് നാം ചേർന്നിരിക്കുന്ന നിമിഷങ്ങളാണത്.

ദുഖഃഭാരം തപിച്ച് പതിയെ പതിയെ... ഓർമകൾ വന്ന് മുട്ടി നിൽക്കാൻ കനമുള്ള ഒരു തണുപ്പ് അവിടെ ബാക്കിയുണ്ടാകും, അല്ലേ?

ഓരോ സങ്കടവും നമുക്ക് പ്രിയപ്പെട്ടതെന്തോ, ആനന്ദമുണ്ടായിരുന്നതെന്തോ പൊടുന്നനെ, അല്ലെങ്കിൽ നോക്കിനിൽക്കെ നമ്മിൽനിന്നും കുടിയിറങ്ങിപ്പോകലാണ്. ഹൃദയത്തിൽ ആരൊക്കെയോ കോറിയിട്ടു പോകുന്ന വാക്കാണത്. ചേർന്നുനിൽക്കാനയക്കാതെ ദൂരെദൂരെയകറ്റുന്ന ചിന്തകളും നോട്ടങ്ങളുമാണത്.

പലർക്കും പലതായിരിക്കും കാരണം. എല്ലാം ഒരു തരത്തിൽ നഷ്ടപ്പെടൽ തന്നെയാണല്ലോ. ആഗ്രഹങ്ങളുടെ മരണ വിയോഗങ്ങൾ...!

നഷ്ടങ്ങളുടെ ആഴങ്ങൾക്കനുസരിച്ച് നമ്മുടെ കണ്ണിൽ നനവ് പടർന്നുകൊണ്ടേയിരിക്കും. ഖൽബുരുക്കത്തിൽ വാർന്നുപോകുന്ന കണ്ണുനീരിന്റെ രുചിക്ക് കയ്പാകുമെന്നാണ് കരുതുക. എന്നാൽ കരയുമ്പോഴെല്ലാം അത് ഉപ്പുരസമാണെന്ന് നമ്മൾ അറിഞ്ഞുകൊണ്ടേയിരിക്കുന്നു.

ഈ അടുത്ത് എന്തോ പറഞ്ഞ് ഉമ്മ കരഞ്ഞു. ആശ്വസിപ്പിച്ചുകൊണ്ട് ഞാൻ ഒരുമ്മ നൽകിയപ്പോൾ ആ രുചി വീണ്ടും എന്നെ ഓർമിപ്പിച്ചു.

നോക്കൂ...!

ലോകം മുഴുവൻ ഇപ്പോൾ കോവിഡ്ഭീതിയിലാണ്. രോഗവും മരണവും തുടർക്കഥയാകുന്നു. സങ്കടപ്പുഴകളാണെങ്ങും. ഭയമാണ് മുന്നിലെ വഴിയിലെല്ലാം; കൂടെആശങ്കകളും.

മരണത്തെ നമുക്ക് തടുക്കാനാവില്ല. അനാവശ്യമായ ആശങ്കകളും ആകുലതകളും ഭീതിയും അകറ്റി ജീവിതത്തിന്റെ അർഥവും പൊരുളും നമ്മൾ കണ്ടെത്തുമ്പോഴാണ് ശരിക്കും ഇതിൽനിന്നെല്ലാം അതിജീവനമുണ്ടാകുന്നത്.

വാസ്തവത്തിൽ സന്തോഷങ്ങളിൽ നമ്മൾ നമ്മളെക്കുറിച്ച് മാത്രമെ ചിന്തിക്കൂ. ദുഖങ്ങളാണ് ഹൃദയത്തിനെ ലോലമാക്കുന്നത്. പ്രയാസപ്പെടുന്നവർക്കേ പ്രയാസപ്പെടുന്നവനെ മനസ്സിലാക്കാനാവൂ. സങ്കടങ്ങളിൽ നമുക്ക് ആരോടും പകയുണ്ടാവാറില്ല; നമ്മൾ അപ്പോൾ പാവങ്ങളായി മാറും!

കണ്ണുനീർ മനസ്സിനെ കഴുകുകയാണോ എന്ന് തോന്നിപ്പോകാറുണ്ട്. പെയ്തുതോരുന്ന ഒരവസ്ഥയുണ്ടതിന്.

ഈ സമയത്ത് സങ്കടങ്ങൾ പേറി പാറി വരുന്നവരാണ് നമ്മുടെ പ്രവാസികൾ. സങ്കടം കൊണ്ട് വീടിറങ്ങി സന്തോഷവുംകൊണ്ട് വീടണഞ്ഞിരുന്നവരായിരുന്നു അവർ. ഇപ്പോൾ അങ്ങനെയല്ല; സന്തോഷിക്കാൻ അവർക്കെങ്ങനെ കഴിയും?

പലരും വന്നു. ഇനിയും വന്നുകൊണ്ടേയിരിക്കുന്നു. നഷ്ടങ്ങളുടെ കണക്കുപുസ്തകം പോലും കയ്യിലില്ലാതെ ജീവനെങ്കിലും ബാക്കിയാകുമെന്ന പ്രതീക്ഷയിൽ നാടണയാൻ, വീടണയാൻ തിരികെയെത്തുമ്പോൾ അവരോട് അറപ്പും അവഗണനയും കാണിക്കുന്നത് ക്രൂരതയല്ലേ? ശാരീരിക അകൽച്ച മാത്രമാണ് വേണ്ടത്; അത് മാനസികമാവരുത്. അവരും മനുഷ്യരാണ്. സുരക്ഷിത ബോധമൊരുക്കുക; നമ്മളെല്ലാവരും സുരക്ഷിതമായിരിക്കാൻ കൊതിക്കുക, പ്രാർഥിക്കുക.




## നേർപഥം ഓൺലൈൻ ക്വിസ് നിബന്ധനകൾ

- സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയുടെ ഏറ്റവും പുതിയ ലക്കത്തിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയാണ് ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുന്നത്.
- ആഗസ്ത് 1 മുതൽ ഡിസംബർ 12 വരെ പുറത്തിറങ്ങുന്ന 20 ലക്കങ്ങളാണ് മെഗാ മത്സരത്തിന് പരിഗണിക്കുക.
- ഈ സമയത്ത് ശരിയുത്തരമയക്കുന്നവരുടെ മാർക്ക് വിവരങ്ങൾ സമീൽ ആപ്പിലും നേർപഥം വെബ്സൈറ്റിലും പോയിന്റ് ടേബിളായി പ്രസിദ്ധപ്പെടുത്തും.
- പങ്കെടുത്ത മത്സരങ്ങളിൽ ഏറ്റവും കൂടുതൽ സ്കോർ നേടിയ മത്സരാർഥികളെ ഉൾപ്പെടുത്തി ഡിസംബർ അവസാനം ഓൺലൈൻ മെഗാ മൽസരത്തിലൂടെ വിജയികളെ കണ്ടെത്തും.
- മെഗാ മത്സരത്തിലെ വിജയികൾക്ക് ലാപ്ടോപ്പും ടാബും മൊബൈൽ ഫോണും പുസ്തകങ്ങളുമടങ്ങുന്ന, ലക്ഷം രൂപ വില വരുന്ന സമ്മാനങ്ങളാണ് നൽകുന്നത്. പുറമെ 10 പ്രോത്സാഹന സമ്മാനങ്ങളും സമ്മാനിക്കും.
- മത്സരത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ പുതിയ ലക്കം നേർപഥത്തിലും രജിസ്ട്രേഷൻ പോർട്ടലിന്റെ ലിങ്ക് നേർപഥം വെബ്സൈറ്റിലും സമീൽ ഓൺലൈൻ ലൈബ്രറിയിലും ലഭ്യമാവും.
- എല്ലാ ഞായറാഴ്ചയും മാഗസിൻ ഓൺലൈനിൽ അപ്‌ലോഡ് ചെയ്യുകയും, രാവിലെ പത്തു മണി മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിൽ ചോദ്യങ്ങൾ ലഭ്യമാവുകയും ചെയ്യും.
- എല്ലാ ആഴ്ചയും ബുധൻ രാത്രി 12 മണി വരെ മാത്രമെ ഉത്തരങ്ങൾ സ്വീകരിക്കുകയുള്ളൂ.
- പേരും മൊബൈൽ നമ്പറും വച്ചാണ് മത്സരാർഥികൾ ഓൺലൈൻ മത്സരത്തിൽ പങ്കെടുക്കേണ്ടത്. വിജയികളുടെ വിലാസം മൊബൈൽ നമ്പർ വച്ചാണ് കണ്ടെത്തുന്നത് എന്നതിനാൽ സ്വന്തം നമ്പർ മാത്രമേ ഉപയോഗിക്കാവൂ.
- ശരിയുത്തരങ്ങൾ വ്യാഴാഴ്ച മുതൽ ഓൺലൈനിൽ ലഭ്യമാവും.
- വിജയികളുടെ പേരുകൾ വ്യാഴാഴ്ച മുതൽ സമീൽ ഓൺലൈൻ ലൈബ്രറിയിലൂടെയും നേർപഥം വെബ്സൈറ്റിലൂടെയും നേർപഥത്തിലൂടെയും പബ്ലിഷ് ചെയ്യും.
- എല്ലാ ആഴ്ചയിലെയും വിജയികളെ ഔദ്യോഗികമായി വിവരമറിയിക്കുകയും സമ്മാനം നേരിട്ടെത്തിക്കുകയും ചെയ്യും.
- നേർപഥം ജീവനക്കാരുടെയോ മാനേജ്മെന്റിന്റെയോ എൻട്രികൾ മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മത്സരങ്ങളെ കുറിച്ചുള്ള അന്തിമ തീരുമാനം നേർപഥം ക്വിസ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കും.

## നേർപഥം ഓൺലൈൻ ക്വിസ് വിജയികൾ - ലക്കം: 182

**ഒന്നാം സമ്മാനം:**
Alfiya Abdulkhader, Nadackal, Erattupetta, Kottayam

**രണ്ടാം സമ്മാനം:**
Thanseem PM, Alathur, Mudapallur, Palakkad

**മൂന്നാം സമ്മാനം:**
Rez Kollathodi, Saudi Arabia

RNI NO: KERMAL 2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2020 JULY 18

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

സമീൽ ഓൺലൈൻ ലൈബ്രറിയുമായി സഹകരിച്ച് നേർപഥം വാരികയിൽ
പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളെ ആസ്പദമാക്കിയുള്ള

**മെഗാ ഓൺലൈൻ ക്വിസ് മത്സരം**

ONLINE
നേർപഥം Quiz
MEGA

**ഒന്നാം സമ്മാനം ലാപ്ടോപ്പ്..!!**

**രണ്ടാം സമ്മാനം ടാബ്ലെറ്റ്..!!**

മൂന്നാം സമ്മാനം മൊബൈൽ ഫോൺ..!!

**പത്ത് പേർക്ക് പ്രോത്സാഹന സമ്മാനങ്ങൾ..!!**

കൂടാതെ ശരിയുത്തരമയക്കുന്ന

**1,2,3 സ്ഥാനക്കാർക്ക് ആഴ്ച തോറും സമ്മാനങ്ങൾ..!!**



**ലക്ഷം രൂപയുടെ സമ്മാനങ്ങൾ...!!!**

zameel
the soulmate

വിശദവിവരങ്ങൾക്ക്
നേർപഥം വെബ്സൈറ്റോ
സമീൽ ഓൺലൈൻ ലൈബ്രറിയോ
സന്ദർശിക്കുക.

**എല്ലാ ഞായറാഴ്ചയും 10 AM മുതൽ ബുധൻ 12 AM വരെ ഉത്തരമയക്കാൻ അവസരം...!!**

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | **mail@nerpatham.com | www.nerpatham.com**